

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.
(P6)1463/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/12/2023
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: (P6)1463/2023 കെ.എസ്.എ.ഇ.കെ.എം. തീയ്യതി: 02/12/2023

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ബിന്ദു എസ്.നായർ	ഡെപ്യൂട്ടി ഡയറക്ടർ	11-09-2023	18-09-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-09-2023	18-09-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീജ ഉണ്ണിക്കൃഷ്ണൻ,ഓഡിറ്റ് ഓഫീസർ
റഷീദ് സി.എം.,അസി.ഓഡിറ്റ് ഓഫീസർ
വിജു എം.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ടി.എസ്.,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എം ആർ രാജേഷ്	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ ഷാജി എസ്	സെക്രട്ടറി	01-04-2022	30-09-2022
ശ്രീമതി സുനിത വി	സെക്രട്ടറി	01-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ഐസക്ക് ജോർജ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
ശ്രീമതി മഞ്ജു റോഷ്നി കെ	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീമതി സിജിമോൾ ഇ റ്റി	അസിസ്റ്റൻറ് എൻജിനീയർ	01-04-2022	31-03-2023
ശ്രീമതി സരോജിനി എ റ്റി	ഹെഡ്മാസ്റ്റർ(ഗവ.ജെ.ബി.എസ്,കണയന്നൂർ)	01-04-2022	31-05-2022
ശ്രീ മോഹനൻ പി റ്റി	ഹെഡ്മാസ്റ്റർ(ഗവ.ജെ.ബി.എസ്,കണയന്നൂർ)	01-06-2022	31-03-2023
ശ്രീമതി രജിത എൻ ടി	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2022	31-03-2023
ഡോ.സുധ സുഭി നായർ	മെഡിക്കൽ ഓഫീസർ(പി എച്ച് സി)	01-04-2022	31-03-2023
ഡോ.ജുബി ഫ്രാൻസിസ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2022	31-03-2023
ഡോ.ഡിജി ടി ഡി	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2022	31-03-2023
ഡോ. അബ്രഹാം വി റാഫേൽ	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി ജയ കെ ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ശ്രീമതി നസീന ടി എ	വി ഇ ഒ കുരീക്കാട്	01-04-2022	30-04-2022
ശ്രീമതി ശ്രീലക്ഷ്മി സജി	വി ഇ ഒ കുരീക്കാട്	01-05-2022	31-03-2023
ശ്രീമതി വിജയശ്രീ ബി	വി ഇ ഒ. കണയന്നൂർ	01-04-2022	31-08-2022
ശ്രീമതി ശീതള എ	വി ഇ ഒ. കണയന്നൂർ	01-09-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-2
4	വാർഷിക ധനകാര്യപത്രിക പത്രികയിലെ ബി1 ഷ്യഡ്യൂളിലെ തുകയും ട്രയൽ ബാലൻസിലെ തുകയും പൊരുത്തപ്പെടുന്നില്ല	1-1-3
5	ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-4
6	ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിലെ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള നീക്കിയിരുപ്പ് ബാങ്ക് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-5
7	ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച തുക പൂർണ്ണമായും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)	1-3
10	ഫണ്ട് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമ പദ്ധതികൾ	1-7
14	ക്യാഷ് ബാലൻസ് പരിശോധന	1-8
15	ആഭ്യന്തര നിയന്ത്രണം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
17	നികുതി/നികുതിയേതര വരവുകളുടെ അവലോകനം	1-11
18	ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്	1-12
19	കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചത് സംബന്ധിച്ച്	1-13
20	റോഡ് റെസ്റ്റോറേഷൻ ചാർജ് - കണക്ക് കൂട്ടിയതിലെ അപാകത - 8112.75 രൂപ നഷ്ടം	1-14
21	ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയതടക്കം വിവിധ അഡ്വാൻസുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.	1-15
22	ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല	1-16
23	ഹരിതസമൃദ്ധി- എച്ച്.ഡി.പി.ഇ പോട്ട് വാങ്ങൽ- അപാകതകൾ	1-17
24	ഹരിതസമൃദ്ധി- ഗ്രോ ബാഗ് വാങ്ങൽ- അപാകതകൾ	1-18
25	ഓ.പി.ടിക്കറ്റ്,എച്ച്.എം.സി.രസീത് ബുക്ക് എന്നിവ അച്ചടിക്കുന്നതിന് ചെലവായ തുക തനത് ഫണ്ടിൽ നിന്നും നൽകി	1-19
26	വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതെ നാഫ്ലിൻ ഇൻസിനറേറ്റർ സ്ഥാപിച്ചു-പദ്ധതി ലക്ഷ്യം നേടിയില്ല-മറ്റ് അപാകതകൾ	1-20
27	ഡിജിറ്റൽ സർവ്വേ നടത്തിയതിന് തുക ചെലവഴിച്ചത്-അപാകതകൾ	1-21
28	ഡയാലിസിസ് സാമ്പത്തികസഹായം -അധിക തുക നല്കി.	1-22
29	അമ്പാടിമല വൈദ്യുതി പോസ്റ്റ് നീട്ടൽ - പ്രവൃത്തി ചെയ്തിട്ടില്ലാത്തതിനാൽ ഡിപ്പോസിറ്റ് തുക തിരികെ ലഭ്യമാക്കേണ്ടതാണ്.	1-23
30	മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി- അപാകതകൾ	1-24
31	ജനകീയ ഹോട്ടൽ - ഫർണിച്ചറുകൾ വാങ്ങിയെങ്കിലും പ്രവർത്തന സജ്ജമായില്ല	1-25
32	വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ സൗർട്ട് ക്ളാസ് റൂം ഉപയോഗിക്കുന്നില്ല	1-26
33	ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല	1-27
34	തെരുവ് വിളക്കുകളുടെ പരിപാലനം- അപാകതകൾ	1-28
35	മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് വിഹിതം അനുവദനീയമല്ലാത്ത പ്രൊജക്ടുകൾക്ക് വേണ്ടി വിനിയോഗിക്കുന്നു	1-29
36	ആസ്തികളുടെ വിവരശേഖരണത്തിനായി മൊബൈൽ ആപ്പ് നിർമ്മിക്കാൻ മുൻകൂറായി തുക നൽകി-പദ്ധതി നടപ്പിലായില്ല	1-30
37	നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല	1-31
38	ജലസമൃദ്ധി കുടിവെള്ള പദ്ധതി -അനുയോജ്യമല്ലാത്ത വാട്ടർ ഫിൽറ്റർ സ്ഥാപിച്ചു-മറ്റ് അപാകതകൾ	1-32
39	ജി.എസ്.ടി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത സ്ഥാപനത്തിന് ജി.എസ്.ടി.അടക്കമുള്ള തുക നൽകി	1-33
40	പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് സേവനങ്ങൾ വിപുലപ്പെടുത്തൽ -അപാകങ്ങൾ	1-34
41	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.ചോറ്റാനിക്കര നിർവ്വഹണം നടത്തിയ പ്രൊജക്ട്-മരുന്ന് ലഭ്യമായില്ല	1-35
42	കൃഷി ഓഫീസിന് ഐ.എസ്.ഓ.സർട്ടിഫിക്കേഷൻ -കൺസൾട്ടൻസി ചാർജിൽ നിന്നും ടി.ഡി.എസ്. കുറവു ചെയ്തില്ല	1-36
43	നിർമ്മാണം കഴിഞ്ഞയുടൻ റോഡ് പൊളിഞ്ഞ നിലയിൽ – തുടർനടപടികൾ സ്വീകരിക്കണം	1-37
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	മിനിമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി-അപാകതകൾ	3-1
2	ആസ്തികളുടെ വിവരശേഖരണത്തിനായി മൊബൈൽ ആപ്പ് നിർമ്മിക്കാൻ മുൻകൂറായി തുക നൽകി-പദ്ധതി നടപ്പിലായില്ല	3-2
	ഭാഗം 4	
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2

3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

(1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരവും, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് /കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.07.2023 ലെ കമ്മിറ്റി തീരുമാനം 2/1 പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

(2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

(3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

ആനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്
തീയതി :02.12.2023 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹51,35,300/-യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-13139070/-യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക ധനകാര്യപത്രിക പത്രികയിലെ ബി1 ഷ്യഡ്യൂളിലെ തുകയും ട്രയൽ ബാലൻസിലെ തുകയും പൊരുത്തപ്പെടുന്നില്ല

2022 -23 ധനകാര്യപത്രികയിലെ ബി1 ഷ്യഡ്യൂളിൽ (3109001010) Excess Of Income Ovr Expenditure ആയിട്ടുള്ള തുക – ₹90,27,490/- ആണ്. എന്നാൽ Trail Balance ൽ അതേ ഹെഡിൽ മുന്നിരിപ്പായും നീക്കിയിരിപ്പായും കാണിച്ചിട്ടുള്ളത് ₹20,55,486/- ആണ.

1-1-4 ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ലഭിക്കേണ്ട തുക, ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മന്റിലെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓരോ വർഷവും ഇ-ടെണ്ടർ ഫോറത്തിന്റെ വരവ് അക്കൌണ്ടിൽ ഉൾപ്പടുത്തുന്നു എന്ന ഉറപ്പ് വരുത്തേണ്ടതാണ്.

1-1-5 ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിലെ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള നീക്കിയിരുപ്പ് ബാങ്ക് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

2022-23 ലെ വാർഷിക ധനകാര്യപത്രികയിലെ RP-40(b) ൽ Treasury Joint Venture New (799013100000304) Treasury Joint Venture Old (799011400000989) അക്കൗണ്ടുകളിൽ നീക്കിയിരുപ്പ് തുക ഇല്ല. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ഈയിനത്തിൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള നീക്കിയിരുപ്പായി യഥാക്രമം ₹1,26,088/-, ₹4,68,826/- എന്നിങ്ങനെ കാണിച്ചിരിക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-6 ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച തുക പൂർണ്ണമായും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല

വാർഷികധനകാര്യപത്രികയിലെ I-9 ഷെഡ്യൂളിൽ Other Income ഹെഡിൽ ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള തുകയായി ₹11,131/- ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ₹15,748/- തന്റ വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ചിട്ടുണ്ട്. ₹4,617/- യുടെ വ്യത്യാസമുണ്ട്.

1-2 ബജറ്റ്

2022-23, വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ഗ്രാമപഞ്ചായത്തിന്റെ പരിഷ്ക്കരിച്ച ബജറ്റ് 10.02.2023 ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	ബജറ്റ്	റസീപ്റ്റ് & പേയ്മെന്റ്	വ്യത്യാസം
നീക്കിയിരിപ്പ്(₹)	20,55,078.00	91,55,525.00	(-)71,00,447.00
വരവ്(₹)	20,17,88,217.00	4,78,29,582.00	15,39,58,635.00
ആകെ(₹)	20,38,43,295.00	5,69,85,107.00	14,68,58,188.00
ചെലവ്(₹)	20,17,88,417.00	4,26,94,282.00	15,90,94,135.00
നീക്കിയിരിപ്പ്(₹)	20,54,878.00	1,42,90,825.00	(-)1,22,35,947.00

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി, തൊഴിലുറപ്പ് പദ്ധതിക്കായി ₹79 ലക്ഷവും, ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി ₹3.87കോടിയും, വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് പ്രകാരമുള്ള ₹4കോടി 5 ലക്ഷവും – എന്നിവ ലഭിച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)

മുൻബാക്കി(₹)	91,55,525.00
വരവ്(₹)	4,78,29,582.00
ആകെ(₹)	5,69,85,107.00
ചെലവ്(₹)	4,26,94,282.00
നീക്കിയിരിപ്പ്(₹)	1,42,90,825.00

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രകയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)	ലാപ്സായ തുക(₹)
വികസനഫണ്ട്-ജനറൽ	0	1,33,77,583	1,33,77,583	1,33,77,583	-	0
വികസനഫണ്ട്-SCP	0	5,05,000	5,05,000	46,69,000		3,81,000
വികസനഫണ്ട്-TSP	0	0	0	0		0
വികസനഫണ്ട്-CFC -Performance Grant	0	1,79,080	1,79,080	1,79,080		0
CFC-Basic ബാങ്ക്	(-)7,176	22,97,685+(പലിശ) 62,886= 23,60,571	23,53,395	19,95,115	3,58,280	
CFC-Tied ബാങ്ക്	15,16,106	34,11,000	49,27,106	39,59,054	9,68,052	
മെയിന്റ്റനൻസ് ഗ്രാന്റ്-റോഡ്	0	1,25,85,000	1,25,85,000	1,12,44,952		13,40,048
മെയിന്റ്റനൻസ് ഗ്രാന്റ്-നോൺ റോഡ്	0	45,70,000	45,70,000	45,70,000		0
ദുരിതാശ്വാസനിധി (311100101)	75,112	3,13,297	3,88,409	3,29,916	58,493	
Awards & Honours From Central Govt. (320100105)	7,00,000	0	7,00,000	0	7,00,000	
Swachh Bharath Abhiyan (320100174)	4,91,792	2,99,402	7,91,194	7,91,194	0	
National Rural Drinking Water Programme (320100148)	31,50,000	0	31,50,000	23,30,822	819,178	
Grants For Epidemic/ Pandemic Control (320900195)	0	16,00,000	16,00,000	1600,000	0	
ICDS (32000196)	4,63,533	8,76,149	13,39,682	3,33,151	10,06,531	
സാക്ഷരത (320100197)	5,442	74	5,516	0	5,516	
ശുചിത്വമിഷൻ (320100198)	1,99,966	76,974	2,76,940	0	2,76,940	
മികച്ച പഞ്ചായത്ത് (320100200)	2,00,000	0	2,00,000	0	200,000	
കുടിവെള്ള പദ്ധതികൾക്കുള്ള ഗ്രാന്റ് (320200305)	10,000	0	10,000	0	10,000	
(320200399) Other Purposes	7,52,010	0	7,52,010	0	7,52,010	
വിമുക്തി 320300199	33,000	0	33,000	0	33,000	
പ്രത്യേക ഉദ്ദേശ (ഗ്രാന്റ് 320400199)	7,15,951	38,40,000	45,55,951	29,10,649	16,45,302	
പകർച്ചവ്യാധി നിയന്ത്രണത്തിന് സംഭാവന 320900102	43,695	0	43,695	0	43,695	

1). വികസനഫണ്ട്-ജനറലിൽ നിന്നും LIFE മിഷൻ വായ്പയുടെ മുതൽ തിരിച്ചടവ് ഇനത്തിൽ ₹4,48,214/-യും അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുകയായി ₹10,07,400/-യും ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക വികസന ഫണ്ട് (ജനറൽ) വരവായും ചെലവായും ഉൾപ്പെടുത്തിയിട്ടുണ്ട്

2) വികസനഫണ്ട്-SCP യിൽ നിന്നും LIFE മിഷൻ വായ്പയുടെ മുതൽ തിരിച്ചടവ് ഇനത്തിൽ (പട്ടികജാതി) ₹7,98,003/-യും ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക വികസന ഫണ്ട് (SCP) വരവായും ചെലവായും ഉൾപ്പെടുത്തിയിട്ടുണ്ട്

3) CFC-Basic ഇനത്തിലെ മുഴുവൻ വരവും ബാങ്കിലേക്ക് മാറ്റിയിട്ടുണ്ട്.പലിശ അടക്കമുള്ള തുകയാണ് ബാങ്കിലെ വരവായി കാണിച്ചിട്ടുള്ളത്.

4) CFC-Basic ഗ്രാന്റിനത്തിൽ നിന്നും ₹8,82,127/-യും, CFC-ടൈഡ് ഗ്രാന്റിനത്തിൽ നിന്നും ₹16,61,369/- യും ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ(₹)	പൂർത്തീകരിച്ചത് (എണ്ണം)	പദ്ധതി ചെലവ്(₹)	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കത്തവ	പൂർത്തികരിച്ച പദ്ധതികളുടെ ശതമാനം
219	11,90,31,338	158	5,54,21,244	21	40	72.14%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
ഭരണ ചെലവുകൾ	412.00	11,65,940.00	11,66,352.00	11,65,585.00	767.00
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	79,31,415.00	79,31,415.00	79,31,415.00	0
ആകെ	**412.00**	**90,97,355.00**	**90,97,767.00**	**90,97,000.00**	**767.00**

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക(₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	34,90,000.00	310
വിധവ പെൻഷൻ	97,48,800.00	906
വാർദ്ധക്യ കാല പെൻഷൻ	2,22,97,000.00	2094
വികലാംഗ പെൻഷൻ	25,81,000.00	240
അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	5,90,400.00	54
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	60,000.00	2

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.09.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹36,553/- ക്യാഷ് ബാലൻസിനറെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന പരാമർശങ്ങളിൽ ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1) ആവശ്യകത നിർണ്ണയം നടത്തിയതിനു ശേഷം മാത്രം പർച്ചേസുകൾ നടത്തേണ്ടതാണ്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിനു ശേഷം മാത്രം വിതരണം നടത്തേണ്ടതും കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. ബില്ലുകൾ ക്യാൻസൽ ചെയ്യേണ്ടതും ബില്ലുകളിൽ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

2) GeM മുഖേനയുള്ള പർച്ചേസുകളിൽ, കോട്ട് ചെയ്ത വിവിധ തുകകളുടെ കംപാരിറ്റീവ് സ്റ്റേറ്റ്മന്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള പ്രോജക്ടുകളിലെ തനത് ഫണ്ടിൽ നിന്നുമുള്ള ചെലവ് പൂർണ്ണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4) അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5) പഞ്ചായത്തിലെ അടിയന്തിരാവശ്യങ്ങൾക്ക് അഡ്വാൻസ് അനുവദിക്കുന്നത് പഞ്ചായത്തിലെ സ്ഥിരം ജീവനക്കാരുടെ പേരിൽ മാത്രമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6) എസ്.സി.കുടിവെള്ള പദ്ധതികൾ ഒഴികെയുള്ള മറ്റ് ഒപാതു കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്, മെയിന്റനൻസ് ചാർജ് എന്നിവ തനത് ഫണ്ടിൽ നിന്നും നൽകുന്നത് അവസാനിപ്പിക്കേണ്ടതും കുടിവെള്ള പദ്ധതികളുടെ പരിപാലനം ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതുമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	17.12.2021 മുതൽ 18.12.2021 വരെ	01.01.2021 മുതൽ 31.10.2021 വരെ	ലഭിച്ചിട്ടില്ല.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	29.09.2022 മുതൽ 07.10.2022 വരെ	01.04.2018 മുതൽ 31.08.2022 വരെ	16.01.2023

1-11 നികുതി/നികുതിയേതര വരവുകളുടെ അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശ പ്രകാരം ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് തനത് വരുമാന അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, ലൈസൻസ്, വാടക, വസ്തുനികുതി, എന്നിവയിലെ ഡിമാൻഡ്/കളക്ഷൻ എന്നിവ പരിശോധിച്ച് നികുതി /നികുതിയേതര വരവുകളുടെ വർദ്ധനയ്ക്കുതകുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിട നികുതി

ഗ്രാമപഞ്ചായത്തിൽ ആകെ ലഭിച്ച ഫോം ബി അപേക്ഷകൾ 194 എണ്ണമുണ്ട്. ആയതിനാൽ തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും മേഖല അടിസ്ഥാനത്തിലുള്ള വർദ്ധനവുകൾ ഒഴിവായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) പ്രകാരം ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ള സേവനങ്ങൾക്ക് അധികമായി ഏതെങ്കിലും കെട്ടിടത്തിന് പ്രത്യേകമായി സേവനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ടി ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്ന് ഫീസ് ഈടാക്കാവാൻ ശ്രദ്ധിക്കേണ്ടതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, പ്രൊഫഷണലുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ മുഴുവൻ ഡാറ്റ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ച് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്ത് തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളുകളിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ നികുതി പിരിവ് പുരോഗതി അവലോകനം സംബന്ധിച്ച ചർച്ച ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇവ നടത്തുന്നതിനു പ്രധാനമായും ആശ്രയിക്കുന്നത് തനത് വരുമാനത്തെയാണ്. തനത് ഫണ്ട് വരുമാനം പ്രധാന വരുമാന മാർഗ്ഗമായി കാണുന്ന ഒരു സമൂഹത്തിൽ നിന്നും വാണിജ്യ വ്യവസായ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം ഉള്ള ഒരു സമൂഹമായി മാറാത്ത സാഹചര്യത്തിൽ വസ്തു നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചും ഫീൽഡ് പരിശോധന നടത്തിയും നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇവയിൽ നിന്നു പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം തീരെ കുറവായതിനാൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും കൂടുതൽ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. വർദ്ധിച്ച വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-12 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി നം 18/15.09.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	കെട്ടിട നം	ജീവനക്കാരുടെ എണ്ണം	റിമാർക്സ്
1	ദേവി ട്രേഡേഴ്സ്	05/416E	04	ആദ്യ പകുതിയും രണ്ടാം പകുതിയും
2	നെഫ്ടെക്ക് ടെകനോളജി	09/453	04	ആദ്യ പകുതിയും രണ്ടാം പകുതിയും
3	പ്രണവ് ഡക്കറേഷൻസ്	10/376D	05	ആദ്യ പകുതിയും രണ്ടാം പകുതിയും
4	യുണൈറ്റഡ് വുഡ് ഇൻഡസ്ട്രീസ്	03/3	06	ആദ്യ പകുതിയും രണ്ടാം പകുതിയും

1-13 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചത് സംബന്ധിച്ച്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹30/-യായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹50/- യായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ ₹30/- നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം	നികുതി നിലവിൽ വന്ന അർദ്ധവർഷം	വിസ്തൃതി (ച.മീ.)	നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (₹)	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹)	അടിസ്ഥാന നികുതിയിലെ കുറവ്(₹)
1/50 എബി	*2013* ആദ്യ പകുതി	104.24 ച. മീ	5,212.00	3,127.2	2084.8

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം നൽകുണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി നം 19/15.09.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 റോഡ് റെസ്റ്റൊറേഷൻ ചാർജ് - കണക്ക് കൂട്ടിയതിലെ അപാകത - 8112.75 രൂപ നഷ്ടം

ഗ്രാമപഞ്ചായത്തിൽ റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാക്കിയപ്പോൾ തുക കണക്ക് കൂട്ടിയതിലെ അപാകത മൂലം ചാർജിനത്തിൽ കുറവ് വന്നതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു

അപേക്ഷകന്റെ പേര്	വിജു അബ്രഹാം, അർബൻ വെസ്റ്റ് സ്പേസസ് പ്രൈവറ്റ് ലിമിറ്റഡ്, പനമ്പിള്ളി നഗർ
അപേക്ഷ നം /തീയതി	1037528/43464/13.07.2022
റോഡിന്റെ നീളം	800 മീറ്റർ
റോഡ് റെസ്റ്റൊറേഷൻചാർജ്	₹67,448.00
തുക വ്യത്യാസം വന്നതിന്റെ വിവരം	യു റ്റി ആർ നം SIBLE00018457863/09.01.2023

പി.ഡബ്ല്യു.ഡി ചീഫ് എൻജിനീയറുടെ 30.03.2019 ലെ CE/R&B/GL-RC/2/2019 നം സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് ചാർജ് ഈടാക്കിയിട്ടുള്ളത്. പ്രസ്തുത സർക്കുലറിലെ വ്യവസ്ഥ പ്രകാരം ബ്ലാക്ക് ടോപ്പഡ് റോഡുകളുടെ വീതി കുറഞ്ഞത് ഒരു മീറ്ററായി നിർണ്ണയിക്കണം. പ്രസ്തുത വ്യവസ്ഥ പാലിക്കാത്തതിനാൽ ചാർജിനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നം	റോഡിന്റെ നിരക്ക്	നീളം	വീതി	കണക്കാക്കിയ വിസ്തീർണ്ണം	കണക്കാക്കേണ്ട വിസ്തീർണ്ണം	ഈടാക്കിയ തുക(₹)	ഈടാക്കേണ്ട തുക(₹)	കുറവ്(₹)

1	20 Mm ചിപ്പിംഗ് കാർപ്പറ്റ്/ 3,090.57	1.5	0.50	1.13	1.5	3,476.89	4,635.86	1,158.97
2	20 Mm ചിപ്പിംഗ് കാർപ്പറ്റ്/ 3,090.57	9	0.50	1	9	20,861.35	27,815.13	6,953.78
ആകെ								8,112.75

റെസ്റ്റോറേഷൻ ഫീസിനത്തിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടും കൂടാതെ റെസ്റ്റോറേഷൻ തുക അടവാക്കിയ രസീതിന്റെ വിവരം ഫയലിൽ ലഭ്യമല്ലാത്തതിനാൽ ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടും അസി:എഞ്ചിനീയർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് ഓഡിറ്റ് എൻകയറി (നം. 12/14.09.2023) നൽകി.

ഇക്കാര്യം ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻകയറിക്ക് അസി:എഞ്ചിനീയർ 16.09.2023 ന് 06/E17/AEC/LID & EW/23-24 പ്രകാരം മറുപടി ലഭ്യമാക്കി. ആയതിൽ കണക്ക് കൂട്ടിയതിലെ അപാകത മൂലമാണ് ചാർജിനത്തിൽ കുറവ് വന്നതെന്ന് അറിയിച്ചു. കൂടാതെ കുറവ് തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിന്റെ പകർപ്പും മറുപടിയോടൊപ്പം ലഭ്യമാക്കി. അസി:എഞ്ചിനീയറുടെ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

1. ഡിമാന്റ് ചെയ്ത തുകയുടെ വിവരം ഓൺലൈൻ/ ഓഫ് ലൈൻ രീതികളിൽ സൂക്ഷിക്കേണ്ടതാണ്.

2. കണക്ക് കൂട്ടിയതിലെ അപാകത മൂലം നഷ്ടം വന്ന ₹8,112.75 തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-15 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയതടക്കം വിവിധ അഡ്വാൻസുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

1) 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ B-18 Loans, Advances And Deposits ഷെഡ്യൂളിൽ 460100101 ഹെഡിൽ Festival Advance ഇനത്തിൽ ₹24,000/-, ക്രമീകരിക്കാതെ അവശേഷിക്കുന്നു. Festival Advance ഇനത്തിൽ ₹20,000/- കൈപ്പറ്റിയത് മുൻ സെക്രട്ടറി ശ്രീ. എസ്. ഷാജിയാണെന്ന് ചെലവു രേഖകൾ വ്യക്തമാക്കുന്നു. ടി തുക ടിയാനിൽ നിന്നും തിരികെ ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതാണ്. ബാക്കി ഈ ഹെഡിൽ അവശേഷിക്കുന്ന ₹4000/- താല്ക്കാലിക ഡ്രൈവർമാർക്ക് നൽകിയതാണ്. ടി തുക വേതനത്തിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെങ്കിലും അഡ്വാൻസ് ഹെഡ്ഡിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താത്തതിനാൽ നിലവിലും ക്രമീകരിക്കാത്ത മുൻകൂറായി കാണിച്ചിട്ടുള്ളതാണ്. അഡ്വാൻസ് ഹെഡിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

2) 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ B-18 Loans, Advances And Deposits ഷെഡ്യൂളിലെ 460100199 ഹെഡിൽ Other Advances ഇനത്തിൽ ₹5,37,653/- ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ പ്രകാരം സി.എഫ്.എൽ.റ്റി.സി. നടത്തിപ്പിന് തനതു ഫണ്ടിൽ നിന്നും സി.എഫ്.എൽ.റ്റി.സി. നോഡൽ ഓഫീസർക്ക് നൽകിയ തുകയാണിത്. ടി തുകയും ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് 18.09.2023 ൽ നല്കിയ 24ാം നമ്പർ ഓഡിറ്റ് അന്വഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

1-16 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ടിന്റെ പേര്	ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ ഹോമിയോ
പ്രോജക്ടിന്റെ നം/ വർഷം	24/23
അടങ്കൽ തുക / ഫണ്ട്	₹2,50,000/-, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)
ചെലവ് തുക/ ബിൽ നം. തിയതി	₹2,50,000/-, 159/2023, തീയതി.03/12/2022

2022-23 വർഷം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിനായി ആകെ ₹2,50,000/- മെഡിക്കൽ ഓഫീസർ ഹോമിയോ ചെലവഴിച്ചെങ്കിലും 128138/-യുടെ മരുന്നുകൾ മാത്രമാണ് ഹോംകോ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹1,21,862/- യ്ക്കുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി നം 7/13.09.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ച് ബാക്കി ₹121862/- യ്ക്കുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത വിവരം അറിയിക്കുന്നതുവരെ ₹1,21,862/- തടസ്സപ്പെടുത്തുന്നു.

1-17 ഹരിതസമൃദ്ധി- എച്ച്.ഡി.പി.ഇ പോട്ട് വാങ്ങൽ- അപാകതകൾ

പ്രോജക്ടിന്റെ പേര്	ഹരിതസമൃദ്ധി- ഗ്രോ ബാഗ് വാങ്ങൽ		
പ്രോജക്ട് നം	എസ് 0119/23		
അടങ്കൽ,ഫണ്ട്	₹3,60,000, വികസനഫണ്ട് (പൊതുവിഭാഗം) ₹120000/- ഗുണഭോക്തൃവിഹിതം ആകെ 480000		
ചെലവ്	ബിൽ നം	തീയതി	തുക
	221106520104015778 31	31.03.23	₹327899
	004324	31.03.23	₹120000
	ആകെ		₹447899
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ		

ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് പച്ചക്കറികൃഷി ടെറസിലും മുറ്റത്തും ചെയ്യുന്നതിനുള്ള പദ്ധതി വഴി 75% സബ്സിഡി നിരക്കിൽ എച്ച്.ഡി.പി.ഇ പോട്ടിൽ പോട്ടിങ്ങ് മിശ്രിതം നിറച്ച ഒരു ഗുണഭോക്താവിന് 10 എച്ച്.ഡി.പി.ഇ പോട്ട് പച്ചക്കറി തൈകൾ വിതരണം ചെയ്ത് സമഗ്ര പച്ചക്കറി വികസനം കൈവരിക്കുകയാണ് ലക്ഷ്യം. ₹200/- യാണ് എച്ച്.ഡി.പി.ഇ പോട്ടിന്റെ യൂണിറ്റ് കോസ്റ്റ്. ഗ്രാമപഞ്ചായത്തിലെ ഉഷസ് കുടുംബശ്രീയിൽ നിന്നാണ് നിർവ്വഹണോദ്യോഗസ്ഥ എച്ച്.ഡി.പി.ഇ പോട്ടിൽ പോട്ടിങ്ങ് മിശ്രിതം നിറച്ച പച്ചക്കറി തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. പദ്ധതിക്കായി 240 ഗുണഭോക്താക്കളിൽ നിന്നു ₹500/- (10*50=500) നിരക്കിൽ ₹1,20,000/- എച്ച്.ഡി.പി.ഇ പോട്ടിനായി ഗുണഭോക്തൃവിഹിതം കൃഷി ഭവനിൽ സ്വീകരിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് (10*₹150=1500 സബ്സിഡി) ₹1500/- നിരക്കിൽ ₹3,60,000/- യും വികസന ഫണ്ടിൽ (ജനറൽ) നിന്ന് സബ്സിഡിയായും നല്കുന്നു. എന്നാൽ ഉഷസ് കുടുംബശ്രീ നല്കിയ ഇൻവോയ്സ് നമ്പറോ, തീയതിയോ രേഖപ്പെടുത്താത്ത 240 യൂണിറ്റിന്റെ വിലയായി ഹാജരാക്കിയ ₹4,80,000/- യുടെ ബില്ലിനു (2000*240=480000) ഗുണഭോക്തൃവിഹിതമായി ലഭിച്ച ₹1,20,000/- വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് സബ്സിഡിയിനത്തിൽ 31.03.23ലെ 004324 ചെക്ക് നമ്പർ പ്രകാരം നല്കിയിട്ടുണ്ട്. 31.03.23 ലെ 221106520104015778 31 ബിൽ പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് സബ്സിഡിയിനത്തിൽ ₹3,27,899/- നല്കിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ പ്രോജക്ട് പരിശോധിച്ചതിൽ താഴെ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ കാണുന്നു.

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.11.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം 2854/2022 ലെ ക്ലോസ് 5 പ്രകാരം ടെണ്ടർ നടപടികളിലൂടെയാണ് HDPE ചെടിച്ചട്ടി വാങ്ങേണ്ടതെന്ന് നിഷ്ക്കർഷിക്കുന്നു. എന്നാൽ മേൽ പ്രോജക്ടിനായി HDPE ചെടിച്ചട്ടി വാങ്ങിയതിന് നിർവ്വഹണോദ്യോഗസ്ഥ മേൽ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

2) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.11.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം 2854/2022 ൽ നിഷ്ക്കർഷിച്ചിട്ടുള്ള ചെടിച്ചട്ടിയുടെ ഉയരം, ഡയമീറ്റർ, കനം, തൂക്കം എന്നിവയൊന്നും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) എച്ച്.ഡി.പി.ഇ പോട്ട് വിതരണം ചെയ്യുന്നതിനായി ഇൻവോയ്സ് നമ്പറോ, തീയതിയോ രേഖപ്പെടുത്താത്ത ബില്ലാണ് ഉഷസ്

കുടുംബശ്രീ ഉപയോഗിച്ചിട്ടുള്ളത്. ലഭ്യമാക്കിയിട്ടുള്ള ബില്ല് പ്രകാരം Cost Of Filled Container With Vegetable Seedlings 200 Units (25 Grow Bags/ Unit) എന്നാണ്, Filled Container ആയതിനാൽ ബില്ല് ജി.എസ്.ടിക്ക് വിധേയമാണ്. നിയമസാധുതയില്ലാത്ത ബില്ല് അംഗീകരിച്ച് തുക അനുവദിച്ചതിനും വിശദീകരണം നല്കേണ്ടതാണ്.

4) പദ്ധതി സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥയുടെ മോണിറ്ററിംങ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 13.09.2023 ൽ നല്കിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നഗരവത്ക്കരിക്കപ്പെടുന്ന ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമാണ് ഹരിത സമൃദ്ധി എന്ന പേരിൽ HDPE ചെടിച്ചട്ടി വാങ്ങിയതെന്നും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022 ലെ സർക്കാർ ഉത്തരവ് (എം.എസ്)നം 115/2022 പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ കുടുംബശ്രീ വഴി HDPE ചെടിച്ചട്ടി വാങ്ങാമെന്നും നിഷ്ക്കർഷിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഉഷസ് കുടുംബശ്രീയിൽ നിന്ന് വാങ്ങിയതെന്നും മറുപടി ലഭ്യമാക്കി. കൂടാതെ 140 രൂപ വിലവരുന്ന ജി.എസ്.ടി ബില്ല് മറുപടിയോടൊപ്പം ഹാജരാക്കി. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.11.2022 ലെ സർക്കാർ ഉത്തരവ് (സ്വാധ) നം 2854/2022 പ്രകാരം പോട്ടിങ്ങ് മിശ്രിതവും പച്ചക്കറി തൈകൾ നല്കുന്നതിന് ₹60/- അധികമായി നല്കാമെന്നും നിഷ്ക്കർഷിച്ചിട്ടുള്ളതിനാൽ ലഭ്യമാക്കിയ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു

ഓഡിറ്റ് നിർദ്ദേശം

ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം വാങ്ങിയിട്ടുള്ളതിനാൽ പ്രോജക്ട് പ്രകാരമുള്ള HDPE ചെടിച്ചട്ടി വാങ്ങി വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതിനാലും, ഭാവിയിൽ കുടുംബശ്രീ വഴിയോ മറ്റ് ഏജൻസികൾ വഴിയോ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ 5 ലക്ഷത്തിന് മുകളിലുള്ള പ്രോജക്ടാണെങ്കിൽ ഇ-ടെണ്ടർ മുഖേനയോ, നിർവ്വഹണ ഏജൻസികളെ തിരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ Filled Container ആയതിനാൽ ബില്ല് ജി.എസ്.ടിക്ക് വിധേയമാണ്. ആയതിനാൽ ബന്ധപ്പെട്ട കുടുംബശ്രീയിൽ നിന്ന് ജി.എസ്.ടി ഉൾപ്പെടാതെയുള്ള ₹2,50,000/- യുള്ള ബില്ലുകളിൽ നിന്ന് 2% ജി.എസ്.ടി ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022 ലെ സർക്കാർ ഉത്തരവ് (എം.എസ്)നം 115/2022 പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ കുടുംബശ്രീ വഴി HDPE ചെടിച്ചട്ടി വാങ്ങാമെന്നും നിഷ്കർഷിക്കുന്നതിന് ശേഷമുള്ള ഉത്തരവാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.11.2022 ലെ സർക്കാർ ഉത്തരവ് (സ്വാധ) നം. 2854/2022 ലെ ക്ലോസ് 5 പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നുള്ളത്. ആയതിനാൽ അനുവദനീയമായ ജി.എസ്.ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മോണിറ്ററിംങ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-18 ഹരിതസമൃദ്ധി- ഗ്രോ ബാഗ് വാങ്ങൽ- അപാകതകൾ

പ്രോജക്ടിന്റെ പേര്	ഹരിതസമൃദ്ധി- ഗ്രോ ബാഗ് വാങ്ങൽ		
പ്രോജക്ട് നം	എസ് 0085/23		
അടങ്കൽ,ഫണ്ട്	₹3,90,000/-, വികസനഫണ്ട് (പൊതുവിഭാഗം)		
ചെലവ്	ബിൽ നം.	തീയതി	തുക (₹)
	22110652010400070410	04.05.23	3,90,000/-
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ		

ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് പച്ചക്കറികൃഷി ടെറസിലും മുറ്റത്തും ചെയ്യുന്നതിനായുള്ള പദ്ധതി വഴി 75% സബ്സിഡി നിരക്കിൽ ഗ്രോ ബാഗിൽ പോട്ടിങ്ങ് മിശ്രിതം നിറച്ച് ഒരു ഗുണഭോക്താവിന് 25 ഗ്രോബാഗ് പച്ചക്കറി തൈകൾ വിതരണം ചെയ്ത് സമഗ്ര പച്ചക്കറി വികസനം കൈവരിക്കുകയുണ് ലക്ഷ്യം. ഈ പദ്ധതി കൃഷി ഓഫീസർ മുഖാന്തരം 2021-22 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം12/22 പ്രകാരം ആരംഭിച്ച് ഓഡിറ്റ് വർഷം സ്പിൽ ഓവറായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിലെ 12ാം വാർഡിലുള്ള ശ്രീലക്ഷ്മി കുടുംബശ്രീ വഴിയാണ് നിർവ്വഹണോദ്യോഗസ്ഥ ഗ്രോ ബാഗ് വാങ്ങിയിട്ടുള്ളത്. പദ്ധതിക്കായി 460 ഗുണഭോക്താക്കളിൽ നിന്ന് ₹500/- (25*20=500) നിരക്കിൽ ഗ്രോബാഗിനായി ₹2,30,000/- ഗുണഭോക്തൃവിഹിതമായി കൃഷി ഭവനിൽ സ്വീകരിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് ₹1500/- നിരക്കിൽ 460 ഗ്രോ ബാഗിനായി ₹6,90,000/- യും വികസന ഫണ്ടിൽ (ജനറൽ) നിന്ന് സബ്സിഡിയായും നല്കി. 2021-22 സാമ്പത്തിക വർഷം ശ്രീലക്ഷ്മി കുടുംബശ്രീ നല്കിയ 200 യൂണിറ്റിന്റെ വിലയായി ഹാജരാക്കിയ ₹4,00,000/- യുടെ ബില്ലിന് 04.03.22 തീയതിലെ 22110652010401242727 ബിൽ നമ്പർ പ്രകാരം ₹3,00,000 യും, ഗുണഭോക്തൃവിഹിതമായി ലഭിച്ച ₹2,30,000/-യും (25.03.2022 തീയതിയിലെ 002392 നമ്പർ ചെക്ക് പ്രകാരം) ഉൾപ്പടെ ₹5,30,000/- പ്രസ്തുത സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് വർഷം ശ്രീലക്ഷ്മി കുടുംബശ്രീ നല്കിയ 200 യൂണിറ്റിന്റെ വിലയായി ഹാജരാക്കിയ ₹4,00,000/- യുടെ ബില്ലിന് ₹3,90,000/- നല്കി. ഈ പ്രോജക്ടിനായി ആകെ (₹5,30,000+₹3,90,000) ₹9,20,000/- നല്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പരിശോധിച്ചതിൽ താഴെ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ കാണുന്നു.

ഗ്രോ ബാഗ് വിതരണം ചെയ്യുന്നതിനായി ഇൻവോയ്സ് നമ്പറോ, തീയതിയോ രേഖപ്പെടുത്താത്ത ബില്ലാണ് ശ്രീലക്ഷ്മി കുടുംബശ്രീ ഉപയോഗിച്ചിട്ടുള്ളത്. ലഭ്യമാക്കിയിട്ടുള്ള ബില്ല് പ്രകാരം Cost Of Filled Container With Vegetable Seedlings 200 Units (25 Grow Bags/Unit) എന്നാണ്. Filled Container ആയതിനാൽ ബില്ല് ജി.എസ്.ടിക്ക് വിധേയമാണ്. നിയമസാധുതയില്ലാത്ത ബില്ല് അംഗീകരിച്ച് തുക അനുവദിച്ചു

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 13.09.2023 ൽ നല്കിയ 4ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് ഭേദഗതി വരുത്തിയതിന് ശേഷമാണ് 260 യൂണിറ്റുകൾ അടങ്ങിയ ബില്ല് പ്രസ്തുത സ്ഥാപനം ലഭ്യമാക്കിയതെന്നും കുടുംബശ്രീയിൽ നിന്നും ലഭ്യമാക്കിയ ഇൻവോയ്സിൽ കൃഷി ഓഫീസറുടെ ഒപ്പും സീലും വച്ചപ്പോൾ ആധികാരികമായി എന്ന ധാരണയിലാണ് ഇൻവോയ്സും തീയതിയും ഇല്ലാത്ത ബിൽ വാങ്ങി വെച്ചതെന്നും വ്യക്തമാക്കി. കുടുംബശ്രീ വിതരണം ചെയ്ത 260 യൂണിറ്റുകൾക്കുള്ള ഒറിജിനൽ ബില്ല് നിർവ്വഹണോദ്യോഗസ്ഥ പരിശോധനയ്ക്ക് ഹാജരാക്കി.

ഓഡിറ്റ് നിർദ്ദേശം – ഭാവിയിൽ കുടുംബശ്രീ വഴിയോ മറ്റ് ഏജൻസികൾ വഴിയോ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ 5 ലക്ഷത്തിന് മുകളിലുള്ള പ്രോജക്ടാണെങ്കിൽ ഇ-ടെണ്ടർ മുഖേനയോ അല്ലായെങ്കിൽ ടെണ്ടർ മുഖേനയോ നിർവ്വഹണ ഏജൻസികളെ തിരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-19 ഓ.പി.ടിക്കറ്റ്,എച്ച്.എം.സി.രസീത് ബുക്ക് എന്നിവ അച്ചടിക്കുന്നതിന് ചെലവായ തുക തനത് ഫണ്ടിൽ നിന്നും നൽകി

ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് ആയുഷ് ആയുർവേദ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ ഓ.പി ടിക്കറ്റ്, എച്ച്.എം.സി രസീത് ബുക്ക്, കർക്കടക ഔഷധക്കഞ്ഞി രസീത് ബുക്ക് എന്നിവ അച്ചടിക്കുന്നതിന് ചെലവായ തുകയായ ₹3290/- മെഡിക്കൽ ഓഫീസറുടെ 01.08.22ലെ അപേക്ഷ പ്രകാരം, തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ-22200499/23.08.22 പ്രകാരം നൽകി. ആയുർവേദ ഡിസ്പെൻസറിയിൽ എച്ച്.എം.സി. നിലവിലുള്ള സാഹചര്യത്തിൽ എച്ച്.എം.സി ഫണ്ടിൽ നിന്നുമാണ് മേൽ സൂചിപ്പിച്ച ചെലവുകൾ നടത്തേണ്ടതെന്നിരിക്കെ തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 15/21.09.23 നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ₹3290/- എച്ച്.എം.സി ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കേണ്ടതാണ്. തുക തിരികെ ലഭ്യമാകുന്നതു വരെ ₹3290/- യുടെ ചെലവ് തടസപ്പെടുത്തുന്നു.

1-20 വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതെ നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിച്ചു-പദ്ധതി ലക്ഷ്യം നേടിയില്ല-മറ്റ് അപാകതകൾ

പ്രൊജക്ട് നമ്പർ	198/23
പേര്	നാപ്കിൻ വെന്റിംഗ് മെഷീൻ, സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ എന്നിവ വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ഫണ്ട്	സി.എഫ്.സി.ഗ്രാന്റ്-ടൈഡ്
അടങ്കൽ	₹1,04,482/-

ചെലവ്	₹1,04,482/-(വൗച്ചർ നമ്പർ-XVFC/22-23/P/64/27.3.23)

പ്രോജക്ട് പ്രകാരം ആർട്ട്കോയിൽ നിന്നും 2 സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീനും 2 Fully Automatic സാനിട്ടറി നാപ്കിൻ ഇൻസിനറേറ്ററും വാങ്ങി. ട്രേക്ക് എ ബ്രേക്ക് ടോയ്ലെറ്റ് സമുച്ചയത്തിലും ചോറ്റാനിക്കര ഗവ.ഹൈസ്ക്കൂളിലുമാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. 14.09.2023ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ചോറ്റാനിക്കര ഗവ.ഹൈസ്ക്കൂളിലെ ഇൻസിനറേറ്ററിന് വൈദ്യുതി കണക്ഷൻ നൽകി നാളിതു വരെയായും പ്രവർത്തിപ്പിച്ചിട്ടില്ല എന്നു കണ്ടെത്തി. ഇൻസിനറേറ്റർ തുറന്നപ്പോൾ ഉപയോഗിച്ച നാപ്കിനുകൾ അതിനുള്ളിൽ നിക്ഷേപിച്ചിരിക്കുന്നതായി കണ്ടെത്തി. ഇത് നീക്കം ചെയ്യാതെ ഇൻസിനറേറ്ററിൽ തന്നെ വെച്ചിരിക്കുന്നത് തികച്ചും അനാരോഗ്യകരമായ പ്രവണതയാണ്. നാപ്കിൻ വെൻഡിംഗ് മെഷീൻ സ്റ്റാഫ് റൂമിൽ ആണ് വെച്ചിട്ടുള്ളത്. ആയത് ഉപയോഗിക്കുന്നുണ്ട്. വിദ്യാർത്ഥിനികളുടെ സ്വകാര്യത മറപ്പു വരുത്താതെ സ്റ്റാഫ് റൂമിൽ വെൻഡിംഗ് മെഷീൻ വെച്ചത് ശരിയായ നടപടിയല്ല. ഇത് മാറ്റി സ്ഥാപിക്കുന്നതിനും ഇൻസിനേറ്ററിന് വൈദ്യുതി കണക്ഷൻ നൽകി പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ട്രേക്ക് എ ബ്രേക്ക് ടോയ്ലറ്റ് സമുച്ചയത്തിൽ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചു. ടി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കിയതായി കാണപ്പെട്ടുവെങ്കിലും ടോയ്ലെറ്റിന് വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാലും, ടോയ്ലെറ്റ് ഉദ്ഘാടനം കഴിയാത്തതിനാലും നിലവിൽ ആയവ ഉപയോഗിക്കുന്നില്ല. ARTCOഹാജരാക്കിയ ഇൻവോയ്സ് പ്രകാരം ഉപകരണങ്ങൾക്ക് ഒരു വർഷത്തെ റീപ്ലേസ്മെന്റ് വാറന്റിയും ഒരു വർഷത്തെ AMC യുമാണ് ഉള്ളത്. 2023 മാർച്ചിലാണ് ഇൻവോയ്സ് പ്രകാരം ഉപകരണങ്ങൾ പർച്ചേസ് ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് നിലവിൽ വാറന്റി അവസാനിക്കാൻ 5 മാസം മാത്രമേ അവശേഷിക്കുന്നുള്ളൂ. ടോയ്ലറ്റ് തുറന്നതിനു ശേഷം സ്ഥാപിക്കുന്നതിനു പകരം വളരെ നേരത്തേ തന്നെ ഇവ വാങ്ങി സ്ഥാപിച്ചത് ശരിയായ നടപടിയല്ല.

സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി. 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.4.6 പ്രകാരം സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും സ്ഥാപിക്കുന്നതിനായുള്ള പ്രോജക്ട്, Central Pollution Control Board ന്റെ മാർഗരേഖ അവലംബിച്ച് ജില്ല പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത്. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് ടി പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കാൻ സർക്കാർ അനുമതി ഇല്ല. മെഷീനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിന് സ്കൂൾ പി.റ്റി.എ.യുമായി കരാർ വെയ്ക്കുകയും എ.എം.സി. കാലയളവിനു ശേഷമുള്ള മെയിന്റനൻസ് പി.റ്റി.എ. ഏറ്റെടുക്കുകയും വേണം. ഏറ്റെടുക്കാൻ അനുമതിയില്ലാത്ത പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കിയതിലൂടെ സബ്സിഡി മാർഗരേഖയുടെ ലംഘനമാണ് പഞ്ചായത്ത് നടത്തിയിട്ടുള്ളത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മറ്റിയുടെ 14.02.2023ലെ യോഗത്തിലെ 4.12 തീരുമാനം പ്രകാരം, തൃശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന് ഹൈസ്കൂളുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും നാപ്കിൻ ഇൻസിനറേറ്ററും നാപ്കിൻ വെന്റിംഗ് മെഷീനും സ്ഥാപിക്കുന്നതിന് ഇവ ജില്ല പഞ്ചായത്തിന്റെ ചുമതലപ്പെടുത്തിനാൽ അനുമതി നിരസിച്ചിട്ടുണ്ട്. സമാനമായ പ്രോജക്ടാണ് ചോറ്റാനിക്കര ഗ്രാമപഞ്ചായത്തും ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായതിനാൽ സ്കൂളുകളിൽ ഇൻസിനറേറ്ററും വെന്റിംഗ് മെഷീനും സ്ഥാപിച്ച പ്രവൃത്തിക്ക് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മറ്റിയുടെ സാധൂകരണം വാങ്ങേണ്ടതാണ്. എ.എം.സി. അവസാനിക്കാറായ സാഹചര്യത്തിൽ ഇൻസിനറേറ്ററിനറെയും വെൻഡിംഗ് മെഷീനറെയും തുടർന്നുള്ള മെയിന്റനൻസ് സ്കൂൾ പി.റ്റി.എ.യെ ചുമതലപ്പെടുത്തി കരാർ വെയ്ക്കേണ്ടതാണ്. മെഷീനുകൾ വൈദ്യുതി കണക്ഷൻ നൽകി പ്രവർത്തിപ്പിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 36/18.09.2023 നമ്പർ ഓഡിറ്റ് എൻകയറിക്ക് വെൻഡിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

1-21 ഡിജിറ്റൽ സർവ്വേ നടത്തിയതിന് തുക ചെലവഴിച്ചത്-അപാകതകൾ

വൗച്ചർ നമ്പർ 22200082/27.4.22 പ്രകാരം JAI GROUP, മരട് എന്ന സ്ഥാപനത്തിന് ഡിജിറ്റൽ സർവ്വേ നടത്തിയ വകയിൽ ₹22,420/- തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സ്ഥാപനം ഹാജരാക്കിയ കത്തിൽ പറയുന്നത് അമ്പാടിമലയിൽ പുത്തൻപാലം മുതൽ അടിയാക്കൽ തോടു വരെ ലാന്റ് സർവ്വേ നടത്തിയിട്ടുണ്ടെന്നും സർവ്വേ റിപ്പോർട്ടും സി.ഡി.യും കത്തിനോടൊപ്പം ഹാജരാക്കുന്നു എന്നുമാണ്. എന്നാൽ ആവശ്യത്തിനായാണ് സർവ്വേ നടത്തിയതെന്ന് വ്യക്തമാക്കുവാനും സർവ്വേ റിപ്പോർട്ട്, പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച എൻജീനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 39/18.09.2023, നമ്പർ ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് സർക്കാരിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രോജക്ടുകൾ സമർപ്പിക്കുന്നതിനും ചോറ്റാനിക്കര ടൗണിന്റെ സമഗ്ര വികസന പദ്ധതി പ്രോജക്ടിനു വേണ്ടിയുമാണ് ഡിജിറ്റൽ സർവ്വേ നടത്തിയതെന്നും സർവ്വേയുടെ സി.ഡി.പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുമുണ്ടെന്നാണ്. ഇത്തരത്തിൽ സർവ്വേ നടത്തുന്നതിന് പണം ചെലവഴിച്ചിട്ടുണ്ട് എന്നല്ലാതെ JAI GROUP നടത്തിയ ഡിജിറ്റൽ സർവ്വേ വിവരങ്ങൾ ഉപയോഗിച്ച ഏതെങ്കിലും ഫണ്ടിംഗ് ഏജൻസിക്ക് പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചതായി പഞ്ചായത്ത് അറിയിച്ചിട്ടില്ല. എൻജിനീയറിംഗ് വിഭാഗം ഇതു സംബന്ധിച്ച് യാതൊരു റിപ്പോർട്ടും നൽകിയിട്ടുമില്ല. ഡിജിറ്റൽ സർവ്വേ സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കിയിട്ടില്ല. കൂടാതെ സംസ്ഥാന സർക്കാരിന്റെ ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയ്ക്കു വേണ്ടി വിവിധ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിന് Rhine Tech Infra LLP, മുളന്തുരുത്തി എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും ₹35,400/- 2022-23 വർഷം തന്നെ നൽകിയിട്ടുമുണ്ട്. ടി പ്രൊപ്പോസലുകൾ ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുമുണ്ട്. ഇപ്രകാരം സമാന ആവശ്യത്തിനു വേണ്ടി ഒന്നിലധികം സ്ഥാപനങ്ങൾക്ക് തുക നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. കൃത്യമായ ആസൂത്രണത്തോടും ലക്ഷ്യബോധത്തോടുകൂടി മാത്രം പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-22 ഡയാലിസിസ് സാമ്പത്തികസഹായം -അധിക തുക നല്കി.

1)

പ്രോജക്ട് നം	എസ് 0083/23		
പ്രോജക്ട് പേര്	ഡയാലിസിസിന് സബ്സിഡി		
അടങ്കൽ.ഫണ്ട്	₹17,000/- ,വികസന ഫണ്ട് (പൊതുവിഭാഗം)		
ചെലവ്	ബിൽ നം,	തീയതി	തുക(₹)
	22110652013600085078	09.05.2022	17,000/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചോറ്റാനിക്കര		

2)

പ്രോജക്ട് നം	എസ് 0015/23		
പ്രോജക്ട് പേര്	അല്ലോപ്പതി ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്ന് വാങ്ങൽ		
അടങ്കൽ.ഫണ്ട്	₹3,18,000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ്		
ചെലവ്	ബിൽ നം,	തീയതി	തുക(₹)
	138/22	10.11.2022	30,000/-
	177/22	21.12.2022	29,000/-
	389/23	25.03.2023	10,000/-
	325/23	16.03.2023	12,000/-
	246/23	10.03.2023	31,000/-
	210/23	13.01.2023	33,000/-
	120/23	12.10.2022	29,000/-
	100/22	14.09.2022	1,42,000/-
	ആകെ		316,000/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചോറ്റാനിക്കര		

ഗ്രാമ പഞ്ചായത്തിലെ ഡയാലിസിസിന് വിധേയമാകുന്ന രോഗികൾക്ക് സബ്സിഡി വഴി സാമ്പത്തിക സഹായം നല്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം എം.എസ് .എ.പി വർക്കി മിഷൻ ഹോസ്പിറ്റലിൽ ഡയാലിസിസിന് വിധേയമായ ഗുണഭോക്താക്കൾക്കുള്ള സാമ്പത്തിക സഹായമായി മേൽ പരാമർശിച്ചിട്ടുള്ള ഹോസ്പിറ്റലിന് തുക നല്കിയിട്ടിട്ടുണ്ട്. ക്രമ നം 1 പ്രകാരമുള്ള പ്രോജക്ട് സ്പിൽ ഓവർ പ്രോജക്ടായും ക്രമ നമ്പർ 2 പ്രകാരമുള്ളത് ഓഡിറ്റ് കാലയളവിലെ പ്രോജക്ടായും നടപ്പിലാക്കിയിട്ടുള്ളതാണ്.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലേക്കുള്ള 2022-23 മുതൽ 2026-27 വരെയുള്ള കാലയളവിലേക്കുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ, സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.05.2022 ലെ സർക്കാർ ഉത്തരവ് (കൈ) നം.115/2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 7.6 (പൊതുജനാരോഗ്യം) ലെ 7.6.7 വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം (1) പ്രകാരം ഖണ്ഡിക 2.15(1), 2.15(2) എന്നിവ പ്രകാരം വരുമാന പരിധിക്ക് വിധേയമായയി എല്ലാ വിഭാഗം വൃക്കരോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ ₹1000/- ക്രമത്തിൽ ഒരു മാസം പരമാവധി ₹4000/- ബന്ധപ്പെട്ട ആശുപത്രിക്ക് (സർക്കാർ/സ്വകാര്യ ആശുപത്രി) നൽകാവുന്നതാണ് എന്ന നിഷ്കർഷിക്കുന്നു. കൂടാതെ തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ സർക്കുലർ നമ്പർ നം.ഡി.എ 1/151/2022 പ്രകാരം വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നല്കുന്നതിന് KASP, കാരുണ്യ ബെനവലന്റ് ഫണ്ട്, മറ്റ് സർക്കാർ സഹായം ലഭിക്കുന്നവരെ ഒഴിവാക്കി അർഹരായ ഗുണഭോക്താക്കളുടെ പട്ടിക ഓരോ ഗ്രാമപഞ്ചായത്തു ഭരണസമിതിയും കൃത്യമായി തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥന് നൽകേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. ആയതിനാൽ മേൽ പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെ ചേർത്തിട്ടുള്ള അപാകത കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)

ഗുണഭോക്താവിന്റെ പേര്	ഇൻവോയ്സ് നം, തീയതി	കാലയളവ്	ഡയാലിസിസിന്റെ എണ്ണം	അനുവദിച്ച തുക(₹)	അനുവദിക്കാവുന്ന തുക(₹)	അധികം നല്കിയ തുക(₹)
ശ്രീമതി. സരസ്വതി ഒ.പി. നം.195179	Apvm/ Dia/69/22, തീ.21.03.22	02.03.22 മുതൽ 19.03.22 വരെ	6	6000/-	4000/-	2000/-
ശ്രീ.ബാബു ഒ.പി.നം.	,,	01.03.22 മുതൽ 18.03.22 വരെ	6	6000/-	4000/-	2000/-
ശ്രീമതി.ഓമന പ്രസാദ് ഒ.പി. നം.187146	,,	03.03.22 മുതൽ 19.03.22 വരെ	5	5000/-	4000/-	1000/-
ആകെ				17,000/-	12,000/-	5000/-

2)

ഗുണഭോക്താവിന്റെ പേര്	ഇൻവോയ്സ് നം,തീയതി	കാലയളവ്	ഡയാലിസിസിന്റെ എണ്ണം	അനുവദിച്ച തുക(₹)	അനുവദിക്കാവുന്ന തുക(₹)	അധികം നല്കിയ തുക(₹)
ശ്രീമതി. സരസ്വതി ഒ.പി.നം. 195179	Apvm/Dia/ 69/22, തീ.21.03.22	04.04.22 മുതൽ 31.01.23 വരെ (10 മാസം)	93	93,000/-	40,000/-	53,000/-
ശ്രീ.ബാബു ഒ.പി.നം.	,,	..	126	1,26,000/-	40,000/-	86,000/-
ശ്രീമതി. ഓമന പ്രസാദ് ഒ.പി.നം. 187146	,,	,,	97	97,000/-	40000/-	57,000/-
ആകെ			316	3,16,000/-	1,20,000/-	1,96,000/-

മേൽ പരാമർശിച്ചിട്ടുള്ളത് പോലെ (5000+196000) ₹2,01,000/- അധികം നല്കിയിട്ടുള്ളതായി കാണുന്നു. പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 18.09.2023ൽ നല്കിയ 25ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം ചെലവഴിച്ച ₹2,01,000/- യ്ക്ക് സർക്കാർസാധുകരണം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ഈയിനത്തിൽ ചെലവഴിച്ച ₹2,01,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 അമ്പാടിമല വൈദ്യുതി പോസ്റ്റ് നീട്ടൽ - പ്രവൃത്തി ചെയ്തിട്ടില്ലാത്തതിനാൽ ഡിപ്പോസിറ്റ് തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

29.12.22 ലെ ഭരണ സമിതി യോഗത്തിലെ 28(1) നമ്പർ തീരുമാനം

ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിരുന്ന പ്രോജക്ട് നമ്പർ-250/21-അമ്പാടിമല വൈദ്യുതി പോസ്റ്റ് നീട്ടൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബിയിൽ ₹2,00,000/- അടവാക്കിയിരുന്നെന്നും, എന്നാൽ ടി പ്രവൃത്തി നടപ്പിലാക്കിയിട്ടില്ലെന്ന് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചതിനെ തുടർന്ന 12.11.2021ലെ പഞ്ചായത്ത് കമ്മറ്റിയുടെ, 8/27 നമ്പർ തീരുമാനം പ്രകാരം പ്രവൃത്തി നടപ്പിലാക്കേണ്ടതില്ല എന്നു തീരുമാനിച്ചുവെന്നും ആയതിനാൽ ഗ്രാമപഞ്ചായത്ത് അടവാക്കിയ ₹2,00,000/- തിരികെ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി ചോറ്റാനിക്കര സെക്ഷൻ അസി.എൻജിനീയറോട് ആവശ്യപ്പെടുന്നതിനും മേൽ സൂചിപ്പിച്ചതു പ്രകാരം ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്. തുക കെ.എസ്.ഇ.ബി യിൽ നിന്നും തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട നൽകിയ 37/18.09.2023 നമ്പർ ഓഡിറ്റ് എൻകയറിക്ക് തുക തിരികെ ലഭിച്ചിട്ടില്ല എന്നു മറുപടി ലഭ്യമാക്കി. കെ.എസ്.ഇ.ബി.ക്ക് അടിയന്തിരമായി കത്തു നൽകി തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി- അപാകതകൾ

പ്രോജക്ട് നമ്പർ	72/23(സ്പിൽ ഓവർ)
പേര്	മിനിമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ഫണ്ട്	തനത് ഫണ്ട്
അടങ്കൽ	₹2,50,000/-
ചെലവ്	₹1,70,000/- (ചെക്ക് നമ്പർ-2801/28.09.2022)

ഗ്രാമപഞ്ചായത്ത് പരിധിയിലെ മിനിമാസ്റ്റ് ലൈറ്റുകൾ മെറ്റീരിയൽ സപ്ലൈ ഉൾപ്പെടെ റിപ്പയർ ചെയ്ത്,തെളിയിച്ച് യഥാസ്ഥാനത്ത് പുനസ്ഥാപിക്കുന്ന ജോലി ഒരു വർഷത്തേക്ക് ചെയ്യുന്നതിനു വേണ്ടി 2022 ജനുവരി 18 ന് ഫേമസ് ഇലക്ട്രിക്കൽസ് & പവർ സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി സെക്രട്ടറി കരാർ വെച്ചു. ടെണ്ടർ ലഭിച്ച ഫേമസ് ഇലക്ട്രിക്കൽസ് & പവർ സൊല്യൂഷൻസ്, കയ്യമംഗലം എന്ന സ്ഥാപനം 100 വാട്ടസിന്റെ 6 ലൈറ്റുകൾ ഉള്ള ഒരു പോളിന്റെ ഒരു വർഷത്തെ മെയിന്റനൻസിന് (എ.എം.സി.) ₹36,000/-യാണ് ടെണ്ടറിൽ കാട്ട് ചെയ്തത്. സ്ഥാപനം നൽകിയ ബില്ലിന്റെ അടിസ്ഥാനത്തിൽ 4

മിനിമാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ ചാർജായി ഒരെണ്ണത്തിന് ₹42,500/- വീതം ആകെ ₹1,70,000/- തനത് ഫണ്ടിൽ നിന്നും നൽകി.മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരമാണ് തുക നൽകിയത്. എന്നാൽ 4 മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിക്കുള്ള ടെണ്ടർ പ്രകാരം സ്ഥാപനത്തിന് 36000x4=1,44,000/-യ്ക്ക് മാത്രമേ അർഹതയുള്ളൂ. ₹1,44,000/-യിൽ നിന്നും നിയമാനുസൃത നികുതി കിഴിവുകൾ വരുത്തിയതിനു ശേഷം ബാക്കി തുക മാത്രമേ കൂരാറുകാരന് നൽകാവൂ. എന്നാൽ ജി.എസ്.ടി. 18%അടക്കം, ഒരു പോളിന് ₹42,500/- നിരക്കിൽ 4 പോളുകളിലെ മിനിമാസ്റ്റ് ലൈറ്റിന് ₹1,70,000/- (ജി.എസ്.ടി. ടി.ഡി.എസ്., ഐ.ടി.ടി.ഡി.എസ്., KCWWF കിഴിവ് ഉൾപ്പെടെ) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. ₹26,000/- (170000-144000) തനത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചു. പഞ്ചായത്ത് പരിധിയിൽ എത്ര മിനിമാസ്റ്റ് ലൈറ്റുകൾ ഉണ്ടെന്ന് ടെണ്ടറിലോ സ്ഥാപനവുമായി വെച്ച കരാറിലോ പഞ്ചായത്ത് വ്യക്തമാക്കിയിട്ടില്ല. മിനിമാസ്റ്റുകളുടെ എണ്ണം തിട്ടപ്പെടുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിശദ വിവരങ്ങൾ ഭാഗം 3ൽ ഖണ്ഡിക 3.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-25 ജനകീയ ഹോട്ടൽ - ഫർണിച്ചറുകൾ വാങ്ങിയെങ്കിലും പ്രവർത്തന സജ്ജമായില്ല

ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടലിന് വേണ്ടി ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഫർണിച്ചറുകൾ ഉപയോഗപ്പെടുത്തി ജനകീയ ഹോട്ടൽ പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	226/23
പേര്	ജനകീയ ഹോട്ടൽ - നിർവ്വഹണ ചെലവുകൾ
അടങ്കൽ	₹1,80,060/-
ഫണ്ടിനം	പൊതുവിഭാഗം
ചെലവ്	₹1,70,060/-
സാംഖ്യ ബിൽ നം	426/28.03.2023
നിർവ്വഹണ ഏജൻസി	സിഡ്കോ
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി:സെക്രട്ടറി

പ്രൊജക്ടിന്റെ ഭാഗമായി ഫർണിച്ചറുകൾ സിഡ്കോയുടെ താഴെ പറയുംപ്രകാരമുള്ള ബില്ലുകൾ മുഖേന വാങ്ങിയിട്ടുണ്ട്.

ക്രമ നം	ബിൽ നം	ഇനം	എണ്ണം
1	EKM/22-23/436/18.03.2023	കൗണ്ടർ ടേബിൾ	1
2		കൗണ്ടർ ചെയർ	1
3		ഡൈനിംഗ് ടേബിൾ	6
4	EKM/22-23/457/18.03.2023	വുഡൻ ബെഞ്ച്	14

സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം/കൈപ്പറ്റ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന അസി:സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ സ്റ്റോക്ക് & സ്റ്റോർ പരിശോധനയിൽ ഫർണിച്ചറുകൾ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിലെ സൂപ്പർമാർക്കറ്റിനായി മാറ്റിവെച്ചിട്ടുള്ള മുറികളിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. 2023 മാർച്ച് മാസത്തിൽ ലഭിച്ച ഫർണിച്ചറുകൾ നിലവിലും ഉപയോഗപ്രദമാക്കാത്തത് സംബന്ധിച്ചും ജനകീയ ഹോട്ടൽ പ്രവർത്തന സജ്ജമാക്കാത്തത സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.3/13.09.2023) നൽകി. ആയതിന് ജനകീയ ഹോട്ടൽ പ്രവർത്തന സജ്ജമാക്കുന്നതിനു ഗ്രാമപഞ്ചായത്ത് അധികാരികൾ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കി. ഫർണിച്ചറുകൾ ഉപയോഗപ്പെടുത്തി ജനകീയ ഹോട്ടൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിച്ചു.

ഓഡിറ്റ് നിർദേശം
ജനോപകാരപ്രദമായ പ്രൊജക്ടായ ജനകീയ ഹോട്ടൽ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-26 വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ സ്മാർട്ട് ക്ളാസ് റൂം ഉപയോഗിക്കുന്നില്ല

പ്രൊജക്ട് നമ്പർ	246/23
പേര്	ജെ.ബി.എസ്.സ്മാർട്ട് ക്ലാസ് റൂം അടിസ്ഥാന സൗകര്യം ഒരുക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ജെ.ബി.എസ്, കണയന്നൂർ
ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)
അടങ്കൽ	₹3,28,830/-
ചെലവ്	₹2,08,682/- (ബിൽ നമ്പർ- 438/28.03.2023, തുക- ₹26,500/- ബിൽ നമ്പർ- 439/28.03.2023, തുക - ₹1,82,182/-)

കണയന്നൂർ ജെ.ബി.എസിൽ സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും ഡ്യൂവൽ ഡെസ്ക്കുകളും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനും ക്ലാസ് റൂം പെയിന്റടിച്ച് കർട്ടൻ ഇടുന്നതിനുമായാണ് പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചത്. 12.09.2023ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ, ഉപകരണങ്ങൾ എല്ലാം ലഭ്യമായെങ്കിലും സ്മാർട്ട് ക്ലാസ് റൂം പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്നു കണ്ടെത്തി. വിലയേറിയ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ സൂക്ഷിക്കുന്ന ഈ ക്ലാസ് റൂം പൊടി പിടിച്ചാണ് കിടന്നിരുന്നത്.

സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കാൻ ഉദ്ദേശിച്ച മുറിയിൽ വൈദ്യുതി കണ്ക്ഷൻ ഇല്ലാത്തതിനാലാണ് പ്രവർത്തനം ആരംഭിക്കാൻ സാധിക്കാതെ വന്നത്. ഉപകരണങ്ങളുടെ വാറന്റി കാലയളവ്, വാറന്റിക്കു ശേഷമുള്ള പരിപാലനം എന്നിവ സംബന്ധിച്ച KSIE യുമായി ഹെഡ്മാസ്റ്റർ കരാർ വെച്ചിട്ടില്ല. മേൽ ആപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 35/18.09.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി സ്മാർട്ട് ക്ലാസ് റൂം ഉപയോഗ യോഗ്യമാക്കുന്നതാണെന്ന് ഹെഡ്മാസ്റ്റർ മറുപടി ലഭ്യമാക്കി. KSIE യുമായി കരാർ വെയ്ക്കേണ്ടതും സ്മാർട്ട് ക്ലാസ് റൂം വൈദ്യുതി ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതുമാണ്. അതു വരെ ₹2,08,682/- യുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-27 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾ പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

ക്രമ നമ്പർ	പ്രൊജക്ട് നമ്പർ	പ്രൊജക്ടിന്റെ പേര്	അടങ്കൽ(₹)	ചെലവ്(₹)	ഫണ്ട്	തുക കൈമാറിയ സ്ഥാപനം
1	241/23	അന്താരാഷ്ട്ര ടെകനോളജിക്കൽ കോൺകളേവ് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ	25,000	25,000/- (വൗച്ചർ നമ്പർ- XVFC/22-23/ P/45/03.02.23)	സി.എഫ്.സി, ഗ്രാന്റ് – ബേസിക്ക്	സംസ്ഥാന ശുചിത്വ മിഷൻ
2	03/23	ഐ.കെ.എം.വിഹിതം നൽകൽ	1,13,736	1,13,736/- (വൗച്ചർ നമ്പർ- XVFC/22-23/ P/17/29.11.22)	സി.എഫ്.സി, ഗ്രാന്റ്- ബേസിക്ക്	ഇൻഫർമേഷൻ കേരള മിഷൻ

ഇതു സംബന്ധിച്ച് നൽകിയ 33/18.09.2023നമ്പർ ഓഡിറ്റ് എൻകയറിക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതു വരെ ₹1,38,736/- (25000+113736) യുടെ ചെലവ് തടസപ്പെടുത്തുന്നു.

1-28 തെരുവ് വിളക്കുകളുടെ പരിപാലനം- അപാകതകൾ

2022-23 വർഷം 70/23 - തെരുവ് വിളക്ക് അറ്റകുറ്റപ്പണി എന്ന പ്രൊജക്ട് പ്രകാരം, അറ്റകുറ്റപ്പണിക്കുള്ള കരാർ ലഭിച്ച ഫേമസ് ഇലക്ട്രിക്കൽസ് ആന്റ് പവർ ഇസോല്യൂഷൻസ് എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും ₹8,74,795/- (നികുതികൾ ഉൾപ്പെടെ) എ.എം.സി തുക നൽകിയിട്ടുണ്ട്. ഒരു വർഷത്തെ എ.എം.സി. തുകയാണിത്. പദ്ധതി അടങ്കൽ ₹9,00,000/- യാണ്. കരാറുകാരൻ ഹാജരാക്കിയ തെരുവ് വിളക്ക് മെറ്റീരിയലുകളുടെ വിവിധ ഇൻവോയ്സുകൾ പ്രകാരമുള്ള ആകെ തുകയാണിത്. ഓരോ വാർഡിലും നന്നാക്കിയ തെരുവ് വിളക്കുകളുടെ എണ്ണം മെമ്പർമാർ സാക്ഷ്യപ്പെടുത്തിയത് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഓരോ വാർഡിലെയും തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ പോസ്റ്റ് നമ്പർ സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുടെ നിലാവ് പദ്ധതി പ്രകാരം പഞ്ചായത്ത പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള LED ലൈറ്റുകളുടെ മെയിന്റനൻസ് കെ.എസ്.ഇ.ബി. യാണ് നടത്തേണ്ടത് എന്നതിനാൽ എ.എം.സിയിൽ ഉൾപ്പെടാതെ ഇവയുടെ കണക്ക് പഞ്ചായത്ത പ്രത്യേകം സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം കണക്കൊന്നും സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ലാതിരിക്കുന്നു സാഹചര്യത്തിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കുള്ള അടങ്കൽ തുക നിശ്ചയിച്ചത് തുക കുറാറുകാരന് നൽകിയത് എങ്ങനെയെന്ന് വ്യക്തമാക്കുവാൻ 34/18.09.2023 നമ്പർ ഓഡിറ്റ് എൻകയറിയിൽ ആവശ്യപ്പെട്ടതിന്, ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടിൽ തുക വകയിരുത്തുകയാണ് ചെയ്തതെന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് ശരിയായ നടപടിയല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ഓരോയിനം തെരുവ് വിളക്കുകളുടെയും എണ്ണം തിട്ടപ്പെടുത്തി കൃത്യമായ അടങ്കൽ നിശ്ചയിച്ച മാത്രം ടെൻഡർ ക്ഷണിക്കേണ്ടതും തെരുവ് വിളക്ക് രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-29 മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് വിഹിതം അനുവദനീയമല്ലാത്ത പ്രൊജക്ടുകൾക്ക് വേണ്ടി വിനിയോഗിക്കുന്നു

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും കൈമാറിയ ആസ്തികളുടെ മെയിന്റനൻസിനുമായാണ് സർക്കാർ നോൺ-റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. ഈ സ്ഥാപനങ്ങളും ആസ്തികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് മുൻപ ഇവയുടെ സംരക്ഷണ ചുമതല ഉണ്ടായിരുന്ന വകുപ്പുകളുടെ ബജറ്റ് ശീർഷകത്തിൽ വകയിരുത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് അനുവദിച്ചിരുന്ന വിഹിതങ്ങൾ സംയോജിപ്പിച്ചാണ് 2004-05 വർഷം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നോൺ-റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. അതു കൊണ്ടു തന്നെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും ആസ്തികളുടെ മെയിന്റനൻസിനും മാത്രമാണ് നോൺ-റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം. ടി ഫണ്ട് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല.
മേൽ സൂചിപ്പിച്ച നിർദേശങ്ങൾക്ക് വിരുദ്ധമായി ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾക്കായി 2022-23 വർഷം നോൺ-റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തി തുക ചെലവഴിച്ചു.

ക്രമ നമ്പർ	പ്രൊജക്ട് നമ്പർ	പ്രൊജക്ടിന്റെ പേര്	വകയിരുത്തിയ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്(₹)	ചെലവഴിച്ച തുക(₹)
1	4/23	തെരുവ് ടാപ്പ് വാട്ടർ ചാർജ്ജ് അടയ്ക്കൽ	3,49,547/-	3,49,547/-
2	244/23	ചോറ്റാനിക്കര വായനശാലയ്ക്ക് ഷെൽഫ് വാങ്ങൽ	50,000/-	50,000/-
3	74/23	ഗ്രാമപഞ്ചായത്ത് വക എം.എ.ജോൺ ഹാളിലേക്കും മെമ്പർമാരുടെ മുറിയിലേക്കും ഫർണിച്ചർ വാങ്ങൽ	4,80,148/-	4,80,148/-
4	219/23	എരുവേലി കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ	3,00000/-	3,00,000/-

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും ഒകൈമാറിയ ആസ്തികളുടെ മെയിന്റനൻസിനുമായി മാത്രമാണ് നോൺ-റോഡ് മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-30 ആസ്തികളുടെ വിവരശേഖരണത്തിനായി മൊബൈൽ ആപ്പ് നിർമ്മിക്കാൻ മുൻകൂറായി തുക നൽകി- പദ്ധതി നടപ്പിലായില്ല

പ്രൊജക്ട് നമ്പർ	214/23
പേര്	വസ്തു നികുതി-വിവരശേഖരണ സർവ്വേ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ഫണ്ട്	തനത് ഫണ്ട്
അടങ്കൽ	₹3,00,000/-
ചെലവ്	₹52,220/- (വൗച്ചർ നമ്പർ-22201431/31.03.2023, ചെക്ക് നമ്പർ-3426/31.03.23))

19.04.2022 തീയതിയിലെ സ.ഉ(കൈ) 84/2022/ത.സ്വ.ഭ.വ.നമ്പർ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 14 വാർഡിലെയും ആസ്തികളുടെയും കെട്ടിടങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി മൊബൈൽ ആപ്പ് നിർമ്മിക്കുന്നതിന് Liried Tech Private Limited, Mulanthuruthy എന്ന സ്ഥാപനത്തിന് ₹49,560/- നൽകി. സ്ഥാപനത്തിനു മെഷറിംഗ് ടേപ്പ് വാങ്ങി നൽകുന്നതിനായി ₹2,660/- പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. വൗച്ചർ നമ്പർ-22201431/31.03.2023 പ്രകാരമാണ് ₹52,220/- (₹49,560+₹2,660) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത്. എന്നാൽ മൊബൈൽ ആപ്ലിക്കേഷൻ ഡിസൈൻ പൂർത്തീകരിച്ച ആപ്പ് ഉപയോഗിച്ച് വിവര ശേഖരണം നടത്തിയിട്ടില്ല. ആപ്പ് ഡിസൈൻ ചെയ്തു ലഭിക്കുന്നതിനു മുൻപേ തന്നെ സ്ഥാപനത്തിന് തുക നൽകി. സർക്കാർ ഉത്തരവു പ്രകാരം, ആസ്തികളുടെ വിവരശേഖരണത്തിനായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് എന്ന പ്രൊജക്ട പഞ്ചായത്തിൽ നടന്നു വരുന്നുമുണ്ട്.ഈ സാഹചര്യത്തിൽ മൊബൈൽ ആപ്പ നിർമ്മിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും Liried Tech Private Limited, Mulanthuruthy എന്ന സ്ഥാപനത്തിന് നൽകിയ ₹49,560/-യും മെഷറിംഗ് ടേപ്പിന്റെ വില ₹2660/-യും ചേർത്ത് ആകെ ₹52,220/- ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരങ്ങൾ ഭാഗം 3 ൽ ഖ.3.2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-31 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ

സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിവരുന്നു. എന്നാൽ സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്കായി തുക മുൻകൂർ നൽകുമ്പോൾ നിർവ്വഹണ ഏജൻസിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുന്നില്ല. നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

ഹെഡ് കോഡ്	വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക (₹)	ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക(₹)	വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക (₹)
460500202	22,69,884/-	5,05,328/-	27,75,212/-

വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ബിൽ നമ്പർ / തീയതി	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
			9,34,077/-	-0	9,34,077/-
19-20	തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.099/19)	41900293/ 04.07.2019	22,13,37/-	-0	2,21,337/-
19-20	തെരുവ് വിളക്ക് ലൈൻ നീട്ടൽ(പ്രോ.നം. എസ്.099/19)	41900292/ 27.07.2019	69,856/-	-0	69,856/-
19-20	തെരുവ് വിളക്ക് പോസ്റ്റ് മാറ്റൽ (പ്രോ.നം. എസ്.101/19)	21901228/ 20.11.2020	36,352/-	-0	36,352/-
19-20	തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.101/19)	41900290/ 30.12.2019	14,147/-	-0	1,41,47/-
19-20	തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.101/19)	41900289/ 18.01.2020	1,40,150/-	-0	1,40,150/-
19-20	തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.101/19)	41900291/ 31.03.2020	4,344/-	-0	4,344/-
19-20	തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.250/20	42000812/ 31.03.2020	2,00,000/-	-0	2,00,000/-
20-21	തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.015/21)	42000883/ 31.03.2021	77,727/-	0	77,727/-
20-21	തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.016/21)	42000884/ 31.03.2021	30,840/-	0	30,840/-
20-21	തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.016/21)	42000886/ 31.03.2021	4,003/-	0	4,003/-
21-22	തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.132/22)	42101686/ 31.03.2022	4,61,415/-	0	4,61,415/-
21-22	തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.132/22)	42101686/ 31.03.2022	75,636/-	0	75,636/-
22-23	S242/23 ടേക്ക് ഏ ബ്രേക്ക്-ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ	427/28.03.23)	1,96,523/-	0	1,96,523/-
		22201529/ 31.03.23	33,143/-	0	33,143/-
22-23	S265/23 കൃഷി ആവശ്യത്തിന് മേപ്പാട്ട് താഴത്ത് 3 ഫേസ് ലൈൻ സ്ഥാപിക്കൽ	426/28.3.23	85,221/-	0	85,221/-
22-23	S 011/23 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും പോൾ ഷിഫ്റ്റിംഗും	XVFC/22-23/ P/13/14.10.22 XVFC/22-23/ P/71/30.03.23 XVFC/22-23/ P/67/28.03.23	1,01,197/- 13,700/- 75,544/-	0	1,01,197/- 13,700/- 75,544/-

ആകെ		27,75,212/-	-	27,75,212/-

ബി) കേരള ജലഅതോറിറ്റി

ഹെഡ് കോഡ്	വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക(₹)	ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക (₹)	ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക (₹)	വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക (₹)
46050020	1 0	5,20,000/-	0	5,20,000/-

വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ തീയതി	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
22-23	കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 263/23	42201402/ 31.03.2023	4,60,000/-	0	4,60,000/-
	ഉപയോഗപ്രദമല്ലാത്ത പൊതു ടാപ്പുകൾ വിച്ഛേദിക്കൽ തുക നൽകൽ, 199/23	42201776/ 31.03.2023	60,000/-	0	60,000/-
ആകെ					520,000/-

1-32 ജലസമൃദ്ധി കുടിവെള്ള പദ്ധതി -അനുയോജ്യമല്ലാത്ത വാട്ടർ ഫിൽറ്റർ സ്ഥാപിച്ചു-മറ്റ് അപാകതകൾ

പ്രൊജക്ട് നമ്പർ	200/23
പേര്	ജലസമൃദ്ധി വാട്ടർ ഫിൽറ്റർ സ്ഥാപിക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ഫണ്ട്	തനത് ഫണ്ട്
അടങ്കൽ	₹98,400/- (സി.എഫ്.സി.ഗ്രാന്റ്-ടൈഡ്)
ചെലവ്	₹98,400/- (വൗച്ചർ നമ്പർ-XVFC/22-23/ P/57/20.03.23)

പ്രൊജക്ട് പ്രകാരം ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ നിലവിലുള്ള ജലസമൃദ്ധി കുടിവെള്ള പദ്ധതിക്ക് ₹98,400/- ചെലവഴിച്ച് വാട്ടർ ഫിൽറ്റർ സ്ഥാപിച്ചിട്ടുണ്ട്. 14.09.23നു ഓഡിറ്റ് ടീം കുടിവെള്ള പദ്ധതി സന്ദർശിച്ചു. കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസിൽ നിന്നും പമ്പ് ചെയ്യുന്ന വെള്ളത്തിന്റെ ശേഷിക്ക് അനുയോജ്യമായ കപ്പാസിറ്റിയുള്ള വാട്ടർ ഫിൽറ്റർ അല്ല സ്ഥാപിച്ചിട്ടുള്ളതെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.Flow Rate 4000-7000 Litre Per Hour കപ്പാസിറ്റിയുള്ള സാന്റ് ഫിൽറ്റർ വാങ്ങുന്നതിനായാണ് പഞ്ചായത്ത് ഇ-ടെണ്ടർ ക്ഷണിച്ചത്. എന്നാൽ ടി കുടിവെള്ള പദ്ധതിയിൽ പമ്പ് ചെയ്യുന്ന വെള്ളത്തിന്റെ നിരക്ക് വളരെ കുറവായതിനാൽ വളരെ കുറഞ്ഞ Lph ഉള്ള വാട്ടർ ഫിൽറ്റർമാത്രമേ ആവശ്യമുള്ളൂ. ഫിൽറ്ററിന്റെ Flow Rate ആവശ്യമുള്ളതിലും അധികമായതിനാൽ ഫിൽട്രേഷനു ശേഷം ടാപ്പിലൂടെ വരുന്ന വെള്ളത്തിന്റെ അളവ് വളരെ കുറവാണ്. നൂലു പോലെയാണ് വെള്ളം വരുന്നതെന്ന് കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളോട് അന്വേഷിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. വളരെ ചെലവു കുറഞ്ഞ ഫൈബർ ഫിൽറ്റർ പോലെയുള്ള സംവിധാനം മാത്രമേ ടി കുടിവെള്ള പദ്ധതിക്ക് ആവശ്യമുണ്ടായിരുന്നുള്ളൂ. എന്നിരിക്കെ കൂടിയ പ്രഷറിൽ വെള്ളം വരുന്ന സംവിധാനങ്ങളിൽ സ്ഥാപിക്കേണ്ട തും വളരെയധികം പണച്ചെലവ് വരുന്നതുമായ വാട്ടർ ഫിൽറ്റർ സ്ഥാപിച്ച് ജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത രീതിയിൽ പദ്ധതി നിർവ്വഹണം നടത്തുകയാണ് പഞ്ചായത്ത് ചെയ്തത്. കുടിവെള്ള പദ്ധതി യുടെ പരിപാലനം ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടുണ്ടോയെന്നും അറിയിച്ചിട്ടില്ല.

വാട്ടർ ഫിൽറ്റർ സ്ഥാപിച്ച Vodofilters എന്ന സ്ഥാപനവുമായി, സെക്രട്ടറി ഫിൽറ്ററിന്റെ വാറന്റി, മെയിന്റനൻസ് നിബന്ധനകൾ ഉൾപ്പെടുത്തി കരാർ വെച്ചിട്ടില്ല. കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ അറിയിച്ചത് വേനൽക്കാലത്ത് മാത്രമേ ടി പദ്ധതിയിൽ നിന്നുമുള്ള വെള്ളം അവർക്ക് ആവശ്യമായി വരുന്നുള്ളൂ എന്നാണ്. ഇപ്രകാരം വളരെ കുറഞ്ഞ കാലയളവിൽ മാത്രം ഉപയോഗയോഗ്യമാകുന്ന സംവിധാനത്തിന് വളരെയധികം പണം ചെലവഴിച്ച് അനുയോജ്യമല്ലാത്ത ഫിൽറ്റർ സ്ഥാപിച്ചത് ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം ആണോയെന്നും ഫിൽറ്റർ സ്ഥാപിക്കുന്നതിന് ഗ്രാമസഭയിൽ നിന്നും നിർദ്ദേശം വന്നിട്ടുണ്ടോയെന്നും വാട്ടർ ഫിൽറ്ററിന്റെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കുവാൻ എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായം ലഭ്യമായിരുന്നോയെന്നും പഞ്ചായത്ത് വ്യക്തമാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 30/18.09.23 നമ്പർ ഓഡിറ്റ് എൻകെയറിക്ക്, പഞ്ചായത്ത് ഈ വിഷയത്തിൽ അടിയന്തിരമായി ഇടപ്പെട്ട തുടർ നടപടി സ്വീകരിക്കുന്നതാണെന്നും ഫിൽറ്ററിന്റെ കാര്യക്ഷമത സംബന്ധിച്ച പഞ്ചായത്തിൽ നാളിതു വരെ പരാതിയൊന്നും ലഭിച്ചിട്ടില്ല എന്നുമാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. മറ്റ് അപാകതകൾക്കുയാതൊരു വിശദീകരണവും ലഭ്യമാക്കിയില്ല. ഫിൽറ്ററിന്റെ കാര്യക്ഷമത സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല എന്നത് ശരിയല്ല. ഫിൽറ്റർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വാർഡ് മെമ്പറുടെ പരാതി 29.03.23ലെ ഭരണസമിതി യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും പോരായ്മകൾ പരിഹരിക്കുന്നതിന് എൽ.എസ്.ജി.ഡി, അസി.എൻജിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തെറ്റായ മറുപടി ഓഡിറ്റിൽ ലഭ്യമാക്കുന്നത് ആശാസ്യമായ നടപടിയല്ല.

സാങ്കേതികമായ ഉപദേശം തേടാതെയും കൃത്യമായ ആസൂത്രണത്തോടു കൂടിയല്ലാതെയും പദ്ധതി നടപ്പിലാക്കിയത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുള്ള വീഴ്ചയാണ്. വൻതുക മുടക്കി സ്ഥാപിച്ച വാട്ടർ ഫിൽറ്ററിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിച്ചില്ല എന്നതു മാത്രമല്ല ഫിൽറ്റർ കാര്യക്ഷമമായി പ്രവർത്തിപ്പിക്കണമെങ്കിൽ ഇനിയും വലിയൊരു തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കണമെന്ന സ്ഥിതിയുമാണുള്ളത്. കുടിവെള്ള പദ്ധതികളുടെ പരിപാലനച്ചെലവ് ഗുണഭോക്തൃ സമിതികളാണ് വഹിക്കേണ്ടതെന്നിരിക്കെ പഞ്ചായത്ത് ഇക്കാര്യത്തിൽ പണം മുടക്കുന്നതും ശരിയായ നടപടിയല്ല.

1-33 ജി.എസ്.ടി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത സ്ഥാപനത്തിന് ജി.എസ്.ടി.അടക്കമുള്ള തുക നൽകി

പ്രോജക്ട് നം	82/2023		
പ്രോജക്ടിന്റ പേര്	സാന്ത്വനപരിചരണ പരിപാടി		
അടങ്കൽ, ഫണ്ട്	വികസന ഫണ്ട്, (പൊതുവിഭാഗം) ₹73,974/-		
ചെലവ്	ബിൽ നം	തീയതി	തുക(₹)
	221106520136000850 82	09.05.2022	58,182/-
	221106520136004937 03	01.09.2022	15,792/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,ചോറ്റാനിക്കര		

മേൽ പ്രോജക്ട് പ്രകാരം പി.എച്ച്.സി,ചോറ്റാനിക്കരയുടെ സാന്ത്വനപരിചരണ പരിപാടിക്കായുള്ള രജിസ്റ്ററുകളും മറ്റും പ്രിന്റിംഗ് ചെയ്യുന്നതിന്റെ ചെലവുകൾക്കായി ഓഡിറ്റ് വർഷം ₹15,792/- സുനിത പ്രസ്, ചോറ്റാനിക്കര എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ക്യാൻസൽ / ഇൻവാലിഡ് ആയ ജി.എസ്.ടി.രജിസ്ട്രേഷൻ നമ്പറുകൾ ഇൻവോയ്സിൽ രേഖപ്പെടുത്തി ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് ടി സ്ഥാപനം പഞ്ചായത്തിൽ നിന്നും ഈടാക്കിയതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നമ്പർ	സ്ഥാപനത്തിന്റെ ഇൻവോയിസ് നമ്പർ/തീയതി	ജി.എസ്.ടി ഉൾപ്പെടെയുള്ള ആകെ ബിൽ തുക (₹)	ഈടാക്കിയ ജി.എസ്.ടി @ 12%

1	206/07.03.2022	1,344/-	144
2	207/07.03.2022	14,448/-	1548
	ആകെ		1692

ടാക്സ് ഇൻവോയ്സ് എന്നു കാണിച്ച് സ്ഥാപനം ഹാജരാക്കുന്ന ഇൻവോയ്സുകളിൽ 32BHNPV7169L1ZG എന്ന GSTIN ആണ് പ്രിന്റ് ചെയ്തിരിക്കുന്നത്. Gst.Gov.In എന്ന ഔദ്യോഗിക പോർട്ടൽ പരിശോധിച്ചതിൽ രഞ്ജു.ഇ. വിശ്വനാഥൻ എന്ന വ്യക്തിയുടെ പേരിലുള്ള (Trade Name – Sujitha Press) 32BHNPV7169L1ZG എന്ന GSTIN 28.02.2019 പ്രാബല്യത്തിൽ CANCELLED SUO-MOTO എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം അസാധുവായ ജി.എസ്.ടി നമ്പറുകൾ ചേർത്ത ബില്ലുകളിന്മേൽ തുടർ പരിശോധന നടത്താതെയാണ് ജി.എസ്.ടി അടക്കമുള്ള ബിൽ തുക മേൽ സ്ഥാപനത്തിന് അനുവദിച്ചതെന്ന് കാണുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 18.09.23 നല്കിയ 27-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അസാധുവായ ജി.എസ്.ടി നമ്പറുകൾ ചേർത്ത സ്ഥാപനത്തിന് തുക അനുവദിച്ചത് നിയമവിരുദ്ധമാണ്. പ്രസ്തുത തുക അടിയന്തരമായി സുനിത പ്രസ്, ചോറ്റാനിക്കര എന്ന സ്ഥാപനത്തിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആതുവരെ ജി.എസ്.ടി ഇനത്തിൽ നല്കിയ ₹1,692/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് സേവനങ്ങൾ വിപുലപ്പെടുത്തൽ -അപാകങ്ങൾ

പ്രോജക്ടിന്റെ പേര്	പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് സേവനങ്ങൾ വിപുലപ്പെടുത്തൽ		
പ്രോജക്ട് നം	എസ് 154/23		
അടങ്കൽ,ഫണ്ട്	₹20,000/-, വികസനഫണ്ട് (പൊതുവിഭാഗം)		
ചെലവ്	ബിൽ നം	തീയതി	തുക(₹)
	221106520104015499 91	29.03.23	10,000/-
	221106520104013842 90	16.03.23	10,000/-
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ		

ഗ്രാമപഞ്ചായത്തിലെ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനായി ICAR കൃഷി വിജ്ഞാൻ കേന്ദ്രം, പത്തനംതിട്ടയിൽ നിന്ന് വളർച്ച ത്വരകങ്ങളും, മണ്ണുത്തി ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ, സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽ നിന്ന് സൂക്ഷ്മ ത്വരകങ്ങളും 04.02.23 ലെ 43ാം നമ്പർ ഇൻവോയ്സ് പ്രകാരം മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്. എന്നാൽ 13.07.2022 ലെ, മെമ്പർ സെക്രട്ടറി ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് നം 103578/22/ഡി.പി.സി/ഡിപിഒ/ഇക്കെഎം പ്രകാരമുള്ള യൂണിറ്റ് കോസ്റ്റിൽ Pseudomonas,Beauveria Verticillium എന്നിവയ്ക്ക് 1 കിലോ ഗ്രാമിന് ₹80/-, വീതവും Trichodama യ്ക്ക് 1 കിലോ ഗ്രാമിന് ₹105/- യുമാണ് അനുവദിച്ചിട്ടുള്ളത്. ആയത് പ്രകാരം മണ്ണുത്തി ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ, സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽ നിന്ന് വാങ്ങിയ സൂക്ഷ്മ ത്വരകങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	പാക്കറ്റിന്റെ എണ്ണം (100gm വീതം)	വില (GST ഉൾപ്പെടെ)	ആകെ തുക(₹)	അനുവദിക്കാവുന്ന തുക (₹80 നിരക്കിൽ)	വ്യത്യാസം
Pseudomonas 100g	150	12	1800/-	15KG*80=1200/-	600/-
Trichodama 100g	200	16	3200/-	20KG*105=2100/-	1100/-
Beauveria 100g	200	10	2000/-	20KG*80=1600/-	400/-
Verticillium 100g	300	10	3000/-	30KG*80=2400/-	600/-
അധികം					2700/-

ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ കാണിച്ചിട്ടുള്ള ടേബിൾ പ്രകാരം ₹2700/- അധികം നല്കിയിട്ടുള്ളതായി കാണുന്നു. പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് 14.09.2023 ൽ നല്കിയ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ചോറ്റാനിക്കര പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് ശാക്തീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് വളർച്ച ത്വരകങ്ങളും സൂക്ഷ്മ ത്വരകങ്ങളും വാങ്ങിയിട്ടുള്ളതെന്നും കർഷകരുടെ വിളകൾക്കുള്ള രോഗങ്ങൾക്ക് സൗജന്യമായിട്ടാണ് പ്രസ്തുത വളർച്ച, സൂക്ഷ്മ ത്വരകങ്ങൾ നല്കുന്നതെന്നും മറുപടി ലഭ്യമാക്കി. പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് ശാക്തീകരിക്കുന്നതിന്റെ ഉത്തരവാദിത്വം കൃഷി വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. ആയതിനാൽ ഇത്തരം പ്രോജക്ടുകൾ തുടർന്ന് ഏറ്റെടുക്കാതിരിക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

1-35 മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.ചോറ്റാനിക്കര നിർവ്വഹണം നടത്തിയ പ്രൊജക്ട്-മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നം	എസ് 015/23		
പ്രോജക്ട് പേര്	അലോപ്പതി ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്ന് വാങ്ങൽ		
അടങ്കൽ.ഫണ്ട്	₹3,99,996/-, മെയിന്റനൻസ് ഗ്രാന്റ്, റോഡുതരം		
ചെലവ്	ബിൽ നം,	തീയതി,	തുക(₹)
	2211065201360049227	01.09.2022	44,808/-
	2211065201360104345 2	13.01.2023	85,364/-
	2211065201360093741 7	21.12.2022	1,50,000/-
	2211065201360076390 4	10.11.2022	89,922/-
	2211065201360063403 2	12.10.2022	29,902/-
	ആകെ		3,99,996/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചോറ്റാനിക്കര		

പി.എച്ച്.സി, ചോറ്റാനിക്കരയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിന് ₹3,99,996/- മുൻകൂറായി മാറി സ്ഥാപനത്തിന്റെ 36240018000000 19 എന്ന അക്കൗണ്ട് നമ്പറിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിൽ നിന്ന് ഇതേവരെ ₹2,49,996/- യുടെ മരുന്ന് ലഭ്യമായതിന്റെ ബില്ലുകൾ മാത്രമാണ് ഫയലിൽ നിന്ന് പരിശോധ്യനയ്ക്ക് ലഭിച്ചിരുന്നുള്ളൂ. ₹1,50,000/- യുടെ മരുന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ലഭിച്ചതിന്റെ ബില്ലും ആയതിന്റെ സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 18.09.23 നല്കിയ 26ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ₹1,50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 കൃഷി ഓഫീസിന് ഐ.എസ്.ഓ.സർട്ടിഫിക്കേഷൻ -കൺസൾട്ടൻസി ചാർജിൽ നിന്നും ടി.ഡി.എസ്. കുറവു ചെയ്തില്ല

പ്രൊജക്ട് നമ്പർ	73/23
പേര്	കൃഷി ഓഫീസിനു ഐ.എസ്.ഓ സർട്ടിഫിക്കേഷൻ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഫണ്ട്	തനത് ഫണ്ട്
അടങ്കൽ	₹1,00,000/-
ചെലവ്	₹74,584/- (ചെക്ക് നമ്പർ-002509/17.05.22)

കൃഷി ഓഫീസിനു ഐ.എസ്.ഓ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി കൺസൾട്ടേഷൻ ചാർജിനത്തിൽ സി.രാജേന്ദ്രൻ, ആർ.ആർ. അസോസിയേറ്റ്സ്, ഇട്ടപ്പള്ളി എന്ന വ്യക്തിക്ക് ₹40,000/- പ്രൊജക്ട പ്രകാരം നൽകിയിട്ടുണ്ട്. ആർ.ആർ അസോസിയേറ്റ്സിന്റെ ബിൽ നമ്പർ-237, തീ. 31.03.22 പ്രകാരമാണ് തുക നൽകിയത്. ഇൻകം ടാക്സ ആക്ട 1961, സെക്ഷൻ 194(ജെ) പ്രകാരം 10% ടി.ഡി.എസ്, ₹4,000/- കൺസൾട്ടേഷൻ ചാർജിൽ നിന്നും കുറവ് ചെയ്താതെയാണ് തുക നൽകിയത്. ടിയാൻ PAN രേഖകളും ഹാജരാക്കിയിട്ടില്ല. ഐ.എസ്.ഓ.സർട്ടിഫിക്കേഷൻ സ്ഥാപനമായ IQ Services ന് സർട്ടിഫിക്കേഷൻ ചാർജിനത്തിൽ ₹27,000/- നൽകിയിട്ടുണ്ടെങ്കിലും ഐ.എസ്.ഓ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച നൽകിയ 38/18.09.23 നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടിയാനിൽ നിന്നും PAN ലഭ്യമാക്കേണ്ടതും ടി.ഡി.എസ് ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്. ഐ.എസ്.ഓ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-37 നിർമ്മാണം കഴിഞ്ഞയുടൻ റോഡ് പൊളിഞ്ഞ നിലയിൽ – തുടർനടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ലെ ഭഗത് സിംഗ് റോഡിൽ ഇന്റർലോക്ക് കട്ട വിരിക്കുന്നതിന് 2022-23 വർഷം പ്രൊജക്ട് ആവിഷ്കരിക്കുകയും നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട നം 149/23 പ്രകാരം ആവിഷ്കരിച്ച പ്രവൃത്തി 05.04.2023 നാണ് പൂർത്തീകരിച്ച് ബിൽ നം 116/24.07.2023 പ്രകാരം ₹1,44,374/- കരാറുകാരനായ എൽദോ ഒ എം നു നൽകിയത്. ഒരു കിലോമീറ്റർ നീളമുള്ള റോഡിൽ 53 മീറ്ററാണ് നിർമ്മാണം നടത്തിയത്. എന്നാൽ നിലവിൽ റോഡിന്റെ ഒരു ഭാഗത്തിലെ കോൺക്രീറ്റ് ഇളകി ഇന്റർലോക്ക് കട്ടകൾ റോഡ് സൈഡിൽ ഇടുക്കി വെച്ച നിലയിലാണ്. വാട്ടർ അതോറിറ്റി ജൽ ജീവനറെ മിഷൻ ഭാഗമായി റോഡ് കട്ടിംഗ് നടത്തിയതിനാലാണ് റോഡ് മോശമായത് എന്നാണ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് വാക്കാൽ ലഭിച്ച വിശദീകരണം. ഇക്കാര്യം സംബന്ധിച്ച താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം/വിശദവിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (13/15.09.2023) നൽകി. ആയതിന് അസി:എഞ്ചിനീയർ 16.09.2023 ന് 07/E17/AEC/LID&EW/23-24 പ്രകാരം മറുപടി ലഭ്യമാക്കി.

1) ആതു പ്രകാരം ജൽ ജീവൻ മിഷന്റെ ഭാഗമായി റോഡ് കട്ടിംഗ് നടത്തുന്നതിന് വാട്ടർ അതോറിറ്റി അനുമതി വാങ്ങിയിട്ടില്ല എന്ന് അറിയിച്ചു.

2) ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം അടവാക്കേണ്ട റോസ് കട്ടിംഗ് ഫീസ് വാട്ടർ അതോറിറ്റി അടവാക്കിയിട്ടില്ല.

3)റോഡ് ഗശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയോട് വിശദീകരണം ചോദിച്ചിട്ടുണ്ടെങ്കിൽ ആയതിനറെ വിവരം - ലഭ്യമാക്കിയ മറുപടിയിൽ റോഡ് നശിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മറ്റി ഒക്കൊണ്ട 21.08.2023 ലെ 1(1) തീരുമാനം ലഭ്യമാക്കി. ആയത് കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ വാട്ടർ അതോറിറ്റി, വർക്ക് ഡിവിഷൻ റോഡുകളുടെ ശോച്യാവസ്ഥ സംബന്ധിച്ചും റിസ്റ്റോറേഷൻ പ്രവർത്തിക്ക് ആവശ്യമായ തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടും പഞ്ചായത്ത് നൽകിയ 14.09.2023 ലെ C1 -105/23 നം കത്തും ഓഡിറ്റിന് ലഭ്യമാക്കി.

ഓഡിറ്റ് നിർദേശം

ഗ്രാമപഞ്ചായത്ത് കമ്മറ്റി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മിനിമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി-അപാകതകൾ

പ്രൊജക്ട് നമ്പർ	72/23(സ്പിൽ ഓവർ)
പേര്	മിനിമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ഫണ്ട്	തനത് ഫണ്ട്
അടങ്കൽ	₹2,50,000/-
ചെലവ്	₹1,70,000/- (ചെക്ക് നമ്പർ-2801/28.9.22)

ഗ്രാമപഞ്ചായത്ത് പരിധിയിലെ മിനിമാസ്റ്റ് ലൈറ്റ് ലൈറ്റുകൾ മെറ്റീരിയൽ സപ്ലൈ ഉൾപ്പെടെ റിപ്പയർ ചെയ്ത് തെളിയിച്ച് യഥാസ്ഥാനത്ത് പുനസ്ഥാപിക്കുന്ന ജോലി ചെയ്യുന്നതിനു വേണ്ടി 2022 ജനുവരി 18 ന് ഫേമസ് ഇലക്ട്രിക്കൽസ് & പവർ സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി സെക്രട്ടറി കരാർ വെച്ചു. ഒരു വർഷമാണ് കരാർ കാലാവധി. ₹2,50,000/- അടങ്കൽ നിശ്ചയിച്ചാണ് 13.10.21 തീയതിയിൽ മിനിമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണിക്കായി ടെണ്ടർ ക്ഷണിച്ചത്. ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് കരാറുകാർ കാട്ടേണ്ടതെന്ന് ടെണ്ടറിൽ പരാമർശിച്ചിട്ടില്ല. ടെണ്ടർ ലഭിച്ച ഫേമസ് ഇലക്ട്രിക്കൽസ് & പവർ സൊല്യൂഷൻസ്, കയ്യമംഗലം എന്ന് സ്ഥാപനം 100 വാട്ട്സിന്റെ 6 ലൈറ്റുകൾ ഉള്ള ഒരു പോളിന്റെ ഒരു വർഷത്തെ മെയിന്റനൻസിന് (എ.എം.സി.) ₹36,000/-യാണ് കാട്ടേണ്ടത്. ടി നിരക്കിനു പുറമേ പഞ്ചായത്ത് നൽകേണ്ട ജി.എസ്.ടി. നിരക്ക് പ്രത്യേകം ടെൻഡറിൽ ടിയാൻ കാട്ടേണ്ടതാണ് ചെയ്തിട്ടില്ല. അതായത് ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് ₹36,000/-.

പഞ്ചായത്ത് പരിധിയിൽ എത്ര മിനിമാസ്റ്റ് ലൈറ്റുകൾ ഉണ്ടെന്ന് ടെണ്ടറിലോ സ്ഥാപനവുമായി വെച്ച കരാറിലോ പഞ്ചായത്ത് വ്യക്തമാക്കിയിട്ടില്ല. മിനിമാസ്റ്റുകളുടെ എണ്ണം തിട്ടപ്പെടുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്ഥാപനം നൽകിയ ബില്ലിന്റെ അടിസ്ഥാനത്തിൽ 4 മിനിമാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ ചാർജായി ₹1,70,000/- തനത് ഫണ്ടിൽ നിന്നും നൽകി. മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരമാണ് തുക നൽകിയത്. എന്നാൽ 4 മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിക്ക് ടെണ്ടർ പ്രകാരം സ്ഥാപനത്തിന് 36000x4=₹1,44,000/-യ്ക്ക് മാത്രമേ അർഹതയുള്ളൂ. ₹1,44,000/-യിൽ നിന്നും നിയമാനുസൃത നികുതി കിഴിവുകൾ വരുത്തിയതിനു ശേഷം ബാക്കി തുക മാത്രമേ കരാറുകാരന് നൽകാവൂ. എന്നാൽ ജി.എസ്.ടി 18% അടക്കം, ഒരു പോളിന് ₹42,500/- നിരക്കിൽ 4 പോളുകളിലെ മിനിമാസ്റ്റ് ലൈറ്റിന് ₹1,70,000/- (ജി.എസ്.ടി, ടി.ഡി.എസ്, ഐ.ടി.ടി.ഡി.എസ്, KCWWF കിഴിവ് ഉൾപ്പെടെ)തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. ₹26,000/-(1,70,000-1,44,000) തനത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചു.

അറ്റകുറ്റപ്പണി നടത്തിയ ലൈറ്റുകൾക്ക് ഒരു വർഷമെങ്കിലും ഗ്യാരണ്ടി ഉറപ്പു വരുത്തി കരാർ വെയ്ക്കുകയോ റീടെൻഷൻ തുക സ്ഥാപനത്തിൽ നിന്നും ഈടാക്കുകയോ ചെയ്തിട്ടില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബൈലസ്സിംഗ് ബോർഡിൽ നിന്നുമുള്ള ഇലക്ട്രിക്കൽ കോണ്ട്രാക്ടർ ലൈസൻസ് സ്ഥാപനം ഹാജരാക്കിയിട്ടില്ല. PAN, ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ അടങ്കൽ ₹2,50,000/- യായി നിശ്ചയിച്ചതിന്റെ അധികാരികത വ്യക്തമല്ല. അപാകതകൾ പരിഹരിക്കേണ്ടതും ജില്ല പഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗം/ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നുമുള്ള വിശദമായ എസ്റ്റിമേറ്റിന്റെ അടസ്ഥാനത്തിൽ മാത്രം തുടർന്ന് മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള അടങ്കൽ തുക നിശ്ചയിക്കേണ്ടതുമാണ്. ടെണ്ടർ ക്ഷണിക്കുമ്പോൾ, ജി.എസ്.ടി ഉൾപ്പെടെയുള്ള തുക കാട്ടേണ്ടതെന്ന് ടെണ്ടറിൽ വ്യക്തമായി നിർദ്ദേശം നൽകേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 23/16.09.23 നമ്പർ ഓഡിറ്റ് എൻകയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കി. കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക നൽകിയതിൽ അപാകതയില്ലെന്നാണ് മറുപടിയിൽ അറിയിച്ചത്. മറുപടി അംഗീകരിക്കാവുന്നതല്ല. തനത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച ₹26,000/-ഓഡിറ്റിൽ നിരാകരിക്കുന്നു.

3-2 ആസ്തികളുടെ വിവരശേഖരണത്തിനായി മൊബൈൽ ആപ്പ് നിർമ്മിക്കാൻ മുൻകൂറായി തുക നൽകി-പദ്ധതി നടപ്പിലായില്ല

പ്രൊജക്ട് നമ്പർ	214/23
പേര്	വസ്തു നികുതി-വിവരശേഖരണ സർവ്വേ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ഫണ്ട്	തനത് ഫണ്ട്
അടങ്കൽ	₹3,00,000/-
ചെലവ്	₹52,220/- (വൗച്ചർ നമ്പർ-22201431/31.03.23, ചെക്ക് നമ്പർ-3426/31.03.23))

പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുള്ള പ്രൊജക്ട് രൂപീകരണ ഫോറത്തിൽ പ്രൊജക്ട് ലക്ഷ്യമായി പറയുന്നത് 19.04.22 തീയതിയിലെ സ.ഉ(കൈ) 84/2022/ത.സ്വ.ഭ.വ.നമ്പർ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 14 വാർഡുകളിലെയും ആസ്തികളുടെയും കെട്ടിടങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുക എന്നാണ്. ഇതനുസരിച്ച് വിവരശേഖരണത്തിനായി മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കുന്നതിന് Liried Tech Private Limited, Mulanthuruthy എന്ന സ്ഥാപനത്തിന് ₹49,560/- നൽകി. ₹2,660/- മെഷറിംഗ് ടേപ്പ്ടി സ്ഥാപനത്തിനു വാങ്ങി നൽകുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയാണ്. വൗച്ചർ നമ്പർ 22201431/31.03.23 പ്രകാരമാണ് ₹52,220/- (₹49,560+₹2,660) തനത് ഫണ്ടിൽ നിന്നും പിൻവലിച്ചത്. സ്ഥാപനത്തിന്റെ A-357/24.03.23 നമ്പർ ജി.എസ്.ടി ഇൻവോയ്സ് പ്രകാരം Mobile App-Design&Development ന് ₹35,400/-യും ഏപ്രിൽ 2023 മുതൽ ജൂൺ 2023 വരെയുള്ള സെർവ്വർ ചാർജ് ₹14,160/-യുമാണ് നൽകിയത്, എന്നാൽ മൊബൈൽ ആപ്ലിക്കേഷൻ ഡിസൈൻ പൂർത്തീകരിച്ച് ആയത് ഉപയോഗിച്ച് വിവര ശേഖരണം നടത്തിയിട്ടില്ല. ആപ്പ് ഡിസൈൻ ചെയ്യുവാൻ ലഭിക്കുന്നതിനു മുൻപേ തന്നെ സ്ഥാപനത്തിന് തുക നൽകി.

പ്രൊജക്ട് രൂപീകരണ ഫോറത്തിൽ സൂചിപ്പിച്ചിട്ടുള്ള, 19.04.22തീയതിയിലെ സ.ഉ(കൈ) 84/2022/ത.സ്വ.ഭ.വ.നമ്പർ ഉത്തരവിലെ ഖ.6.8-ആസ്തി സംരക്ഷണ പദ്ധതി എന്നതിൽ പറഞ്ഞിട്ടുള്ളത് അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികമാക്കേണ്ടതുമാണ് എന്നാണ്. ഇതിനായി R-Track മൊബൈൽ ആപ്പ്, Kerala State Remote Sensing And Enviornment Centre ഡെവലപ്പ് ചെയ്ത ഓൺലൈൻ പ്ലാറ്റ്ഫോം എന്നിവ ഉപയോഗിക്കുവാനാണ് സർക്കാർ നിർദ്ദേശമുള്ളത്. ഇതിനായി വിഭാവനം ചെയ്ത, അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥയായുള്ള നം.79/23-റോഡ് കണക്കിവിറ്റി മാപ്പിംഗ് എന്ന പ്രൊജക്ടിലെ ചെലവായ ₹17760/- വൗച്ചർ നമ്പർ 22200171/09.06.22 പ്രകാരം, തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുമുണ്ട്. റോഡ് കണക്കിവിറ്റി മാപ്പിംഗ് എന്ന പ്രൊജക്ട് പ്രകാരം, വിവരശേഖരണത്തിനായി നിയമിച്ച വ്യക്തികൾക്കുള്ള പ്രതിഫലം മാത്രമേ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളൂ. വിവരം ശേഖരണം നടത്തി തയ്യാറാക്കിയ ഡാറ്റ ഫയലിൽ സൂക്ഷിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ, സർക്കാർ നിർദേശത്തിനു വിരുദ്ധമായി സ്വകാര്യ സ്ഥാപനം മുഖേന മൊബൈൽ ആപ്പ് ഡിസൈൻ ചെയ്യാൻ തുക മുൻകൂർ നൽകിയത് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഉണ്ടായ പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

മൊബൈൽ ആപ്ലിക്കേഷൻ സംബന്ധിച്ച കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി നൽകിയ 31/18.09.23 നമ്പർ ഓഡിറ്റ് എൻകുയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കി. സർക്കാർ സംവിധാനം നിലവിൽ വന്നതിനാൽ മൊബൈൽ ആപ്പ് ഉപയോഗിച്ചുള്ള വിവരശേഖരണം നടത്തിയിട്ടില്ല എന്നും സ്ഥാപനത്തിൽ നിന്നും മൊബൈൽ ആപ്പ് ലഭിച്ചിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മൊബൈൽ ആപ്പിനായി തുക സ്ഥാപനത്തിന് നൽകിയെങ്കിലും ആയത് ലഭ്യമായി യാതൊരു പ്രവർത്തനങ്ങളും പഞ്ചായത്തിൽ നടന്നിട്ടില്ല എന്നതിനാലും സർക്കാർ ഉത്തരവു പ്രകാരം, ആസ്തികളുടെ വിവരശേഖരണത്തിനായി മറ്റൊരു പ്രൊജക്ട് പഞ്ചായത്തിൽ നടന്നു വരുന്നുണ്ട് എന്നതിനാലും, മൊബൈൽ ആപ്പ് നിർമ്മിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും Liried Tech Private Limited, Mulanthuruthy എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയ ₹49,560/-യും സ്ഥാപനത്തിന് മെഷറിംഗ് ടേപ്പ് വാങ്ങി നൽകുന്നതിനായി ചെലവഴിച്ച ₹2,660/-യും ചേർത്ത് ടി പ്രൊജക്ടിനായി വൗച്ചർ നമ്പർ – 22201431.03.23 പ്രകാരം ആകെ ചെലവായ ₹52,220/- ഓഡിറ്റിൽ നിരാകരിക്കുന്നു. മൊബൈൽ ആപ്പ് സ്ഥാപനം ഇതു വരെ നിർമ്മിച്ചിട്ടില്ലാത്ത സാഹചര്യത്തിലും പഞ്ചായത്തിന് മൊബൈൽ ആപ്പ് നിലവിൽ ആവശ്യമില്ലാത്ത സാഹചര്യത്തിലും ₹52,220/- സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതും രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ / തീയതി
2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്		

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക(₹)	പ്രൊജക്ടിന്റെ പേര്	ചെലവ്(₹)	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത് 2022-23	2,92,450/-	26/23, ശാരീരീകവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	2,92,450/-	0
	8,00,000/-	95/23, ലൈഫ് ഭവനനിർമ്മാണം-പൊതുവിഭാഗം	8,00,000/-	0
	1,80,000/-	96/23, ലൈഫ് ഭവനനിർമ്മാണം-പട്ടികജാതി	1,80,000/-	0
	2,41,300/-	138/23, പാലിന് സബ്സിഡി	2,41,300/-	0
	85,630/-	174/23, ചന്തപ്പറമ്പ് കമ്മ്യൂണിറ്റി ഹാൾ നവീകരണം	85,630/-	0
	1,58,216/-	207/23, നാഗപ്പട്ടി അംബേദ്കർ സാംസ്ക്കാരിക നിലയം നവീകരണം, വാർഡ് 8	1,58,216/-	0
	19,200/-	211/23, തരിശ് നിലങ്ങളിലെ നെൽകൃഷി	19,200/-	0
	2,00,000/-	247/23, തലക്കോട് കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ	2,00,000/-	0
	1,50,000/-	253/23, അമ്പാടിമല കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ	1,50,000/-	0

	49,950/-	258/23, അങ്കണവാടി സെന്റർ നമ്പർ 20 ഭൗതീക സാഹചര്യം	49,950/-	0
ആകെ	**21,76,746**		**21,76,746**	0
ജില്ലാ പഞ്ചായത്ത് 2022-23	2,51,550/-	26/23, ശാരീരീകവും മാനസികവുമായ വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ	2,51,550/-	0
	5,00,000/-	96/23, ലൈഫ് ഭവനനിർമ്മാണം-പട്ടികജാതി	5,00,000/-	0
	2,78,208/-	179/23, സുഭിക്ഷസ്ഥിര നെൽകൃഷി കൂലിച്ചെലവ്	2,78,208/-	0
	19,200/-	211/23, തരിശ് നിലങ്ങളിലെ നെൽകൃഷി	19,200/-	0
	5,94,000/-	256/23, എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ	5,94,000/-	0
ആകെ	**16,42,958/-**		**16,42,958/-**	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	പ്രോജക്ട് നം.	മുൻകൂർ നല്കിയ തുക (₹)	ചെലവഴിച്ച തുക (₹)
കെ.എസ്.ഇ.ബി	ടേക്ക്.എ.ബ്രേക്ക് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ	242/23	2,29,666/-	0
കെ.എസ്.ഇ.ബി	കൃഷി ആവശ്യത്തിന് മേപ്പാട്ട് താഴത്ത് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും പോൾ ഷിഫ്റ്റിംങും	265/23	85,221/-	0
കെ.എസ്.ഇ.ബി	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും പോൾ ഷിഫ്റ്റിംങും	11/23	1,90,441/-	0
കേരള വാട്ടർ അതോറിറ്റി	കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	263/23	4,60,000/-	0
കേരള വാട്ടർ അതോറിറ്റി	ഉപയോഗപ്രദമല്ലാത്ത പൊതു ടാപ്പുകൾ വിച്ഛേദിക്കൽ - തുക നല്കൽ	199/23	60,000/-	0

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും തുക തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	തൻവർഷം ലഭിച്ച വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹)	തൻവർഷം തിരിച്ചടച്ച തുക(₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)(മുതൽ)
				മുതൽ	പലിശ	
KURDFC ലോൺ		22,00,000/-	0	0		22,00,000/-
LIFE-ഹഡ്കോ ലോൺ		11,00,000/-	12,96,000/-	12,46,217/-		11,49,783/-
ആകെ		33,00,000/-	12,96,000/-	12,46,217/-		33,49,783/-

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച ₹15748 ന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക(₹)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ / തീയതി
2020-21	1-13(3)	12,000/-	ശ്രീ. തോമസ് കുരുവിള ഇൻഡസ്ട്രീസ് മോട്ടേഴ്സ്	1220207411 / 20.02.2023
2020-21	1-14-5	2,500/-	ശ്രീ. വിഷ്ണു.കെ.എൻ	1220204370 / 03.11.2022
2020-21	1-25	1,248/-	സുനിത പ്രസ് ചോറ്റാനിക്കര	1220207841 / 28.02.2023
ആകെ		15,748/-		

വാർഷികധനകാര്യപത്രികയിലെ I-9 ഷെഡ്യൂളിൽ ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള തുകയായി ₹11,131/- മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ₹15,748/- തൻ വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ചിട്ടുണ്ട്. ₹4,617/- ഏത് ഹെഡിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

		വർഷം			
2002-03	3.5	2005-06	38.I	ജനകീയാസൂത്രണ പദ്ധതി ദുരുപയോഗം – (കിട്ടുങ്ങയും ഒ.ഇ. എൻ റോസ് പദ്ധതി	നിലവിൽ,ഫയൽ എൽ.എസ്.ജി.ഡി.(ഡി എ),സെക്ഷന്റെ പരിഗണനയിലാണ്. കൂടാതെ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വ്യക്തി 09.6.2023 ൽ മരണപ്പെട്ടതിനാൽ നടപടികൾ അവസാനിപ്പിക്കുന്നതിന് ബഹു. സർക്കാരിനോട് ശുപാർശ ചെയ്തിട്ടുള്ളതുമാണ്.
2014-15	2.2	2016-17		തൊഴിൽ നികുതി	പിരിച്ചെടുത്തതായി അറിയിച്ചിട്ടുണ്ട

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹4,78,29,582/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹4,26,94,282/-
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹78,220/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹8,25,262/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

	നഷ്ടമായ തുക		
ഖണ്ഡിക നമ്പർ	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും
3-1	0	₹26,000/-	എസ്.ഷാജി,സെക്രട്ടറി
3-2	0	₹52,220/-	സുനിത വി.,സെക്രട്ടറി
	ആകെ	78,220/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ക്രമ നം	ഖണ്ഡിക നം	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ	തുക (₹)
1	1-16	ഡോ.ജൂബി ഫ്രാൻസിസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ	1,21,862/-
2	1-19	എസ്. ഷാജി, സെക്രട്ടറി	3,290/-
3	1-22	ഡോ.സുധ സുബി നായർ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	2,01,000/-
4	1-26	മോഹനൻ പി.ടി, ഹെഡ്മാസ്റ്റർ, ജെ.ബി.എസ്, കണയന്നൂർ	2,08,682/-
5	1-27	സുനിത വി, സെക്രട്ടറി	1,38,736/-
7	1-33	ഡോ.സുധ സുബി നായർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	1,692/-
8	1-35	ഡോ.സുധ സുബി നായർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	1,50,000/-
		ആകെ	8,25,262/-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക.1-36- 4000/- (ആദായ നികുതി)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ക്രമനമ്പർ	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1	എസ്.ഷാജി, സെക്രട്ടറി	സെക്രട്ടറി, ആലങ്ങാട് ഗ്രാമപഞ്ചായത്ത്	തിരുവോണം, ശക്തികുളങ്ങര, കാവനാട് .പി.ഓ, കൊല്ലം
2	മോഹനൻ പി.ടി, ഹെഡ്മാസ്റ്റർ, ജെ.ബി.എസ്, കണയന്നൂർ	ഹെഡ്മാസ്റ്റർ, ജെ.ബി.എസ്, കണയന്നൂർ	ദേവികൃപ, ചോറ്റാനിക്കര പി.ഓ.
3	സുധ സുബി നായർ മെഡിക്കൽ ഓഫീസർ PHC, ചോറ്റാനിക്കര	മെഡിക്കൽ ഓഫീസർ PHC, ചോറ്റാനിക്കര	സാരംഗി കവല്യശ്വരം റോഡ് തിരുവാങ്കുളം

4	സുനിത വി, സെക്രട്ടറി	സെക്രട്ടറി, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്	അഞ്ജലി, ഏരൂർ സൗത്ത് പി.ഓ, തൃപ്പൂണിത്തുറ
5	ഡോ.ജൂബി ഫ്രാൻസിസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ	മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, ചോറ്റാനിക്കര	റോസ്, സെന്റ് ആന്റണീസ് റോഡ്, തൈക്കൂടം, വൈറ്റില

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	കെ.എസ്.എ.ഇ.കെ.എം(പി6)1638(i)/22, തീ. 02.05.2023
1998-99	കെ.എസ്.എ.ഇ.കെ.എം(പി6)1638(ii)/22, തീ. 02.05.2023
1999-2000	കെ.എസ്.എ.ഇ.കെ.എം(പി6)1638(iii)/22, തീ. 02.05.2023
2000-01	കെ.എസ്.എ.ഇ.കെ.എം(പി4)324/02, തീ. 30.07.2002
2002-03	കെ.എസ്.എ.ഇ.കെ.എം(പി4)13/05, തീ. 06.03.2006
2003-04 ചെലവ്	എൽ.എഫ്.ഇ.(പി6)1191/06, തീ.07.02.07
2004-05	എൽ.എഫ്.ഇ.(പി6)712/15, തീ. 18.02.16
2005-06	എൽ.എഫ്.ഇ.(പി6)712/15, തീ. 18.02.16
2006-07	എൽ.എഫ്.ഇ.(പി6)712/15, തീ. 18.02.16
2007-08	എൽ.എഫ്.ഇ.(പി6)1208/09, തീ. 16.03.10
2008-09	എൽ.എഫ്.ഇ.(പി6)2247/18, തീ. 04.05.2019
2009-10	കെ.എസ്.എ-ഇ.കെ.എം(പി6)1638(iv)/22, തീ. 02.05.2023
2010-11	കെ.എസ്.എ-ഇ.കെ.എം(പി6)608/2018, തീ. 31.08.18
2012-13	കെ.എസ്.എ-ഇ.കെ.എം.(പി6)1638(v)/22, തീ. 02.05.2023
2013-14	കെ.എസ്.എ-ഇ.കെ.എം.(പി6)1638(vii)/22, തീ. 02.05.2023
2014-15	കെ.എസ്.എ-ഇ.കെ.എം.(പി6)1638(vii)/22, തീ. 02.05.2023
2015-16	കെ.എസ്.എ-ഇ.കെ.എം(പി6)1638(viii)/22, തീ. 02.05.2023
2016-17	കെ.എസ്.എ.ഇ.കെ.എം(പി6)1638(ix)/22, തീ. 02.05.2023
2017-18	കെ.എസ്.എ-ഇ.കെ.എം(പി6)1638(x)/22, തീ. 02.05.2023
2018-19	കെ.എസ്.എ.ഇ.കെ.എം(പി6)1638(xi)/22, തീ. 02.05.2023
2019-20	കെ.എസ്.എ.ഇ.കെ.എം(പി6)184/2021, തീ. 26.08.2021
2020-21	കെ.എസ്.എ.ഇ.കെ.എം(പി6)1179/2021 തീ. 08.08.2022
2021-22	കെ.എസ്.എ.ഇ.കെ.എം(പി6)149/2023, തീ. 17.04.2023

ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 20-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chottanikara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chottanikara Grama Panchayat for the year 2022-2023

Date: 02/12/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Chottanikara Grama Panchayat for the Year 2022-2023.

1.Major Observations

1) As per RP-40(b) of the Annual Financial Statement for the year 2022-23, joint venture (new) and Treasury for joint venture (old) accounts shows Zero balance. But as per Schedule B-4 of the balance sheet, these accounts show balance of Rs.1,26,088/- and Rs.4,68,826/- respectively.

2.Other Observations

1) Cash Flow statement -Net increase/decrease in cash and cash equivalents does not match with net cash generated by financing + operating + investing activities.

2) As per rule 62(f) of the Kerala Panchayat Raj Rules, 2011, the basic ratios and notes which should have been mandatorily included in the ANNUAL FINANCIAL STATEMENT have not been produced.

3) The Amount receivable as the cost of e-tender form has not been included in AFS.

4) Excess of income over expenditure in the B1 Schedule (3109001010) of Annual Financial Statement, does not tally with the figures in trial balance under the same head.

5) The amount received as Audit recovery is not fully accounted in the respective head of account.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്